LIGHTED TO LIGHTEN

# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക

ലക്കം: 8



പുതുവത്സരാശംസകളോടെ...

**"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്
എന്റെ കണ്ണുകളെ തുറക്കേണമേ..."**

# ജന്മദിനാശംസകൾ







ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 19

ഡോ. മാത്യൂസ് മാർ മക്കാറിയോസ്
എപ്പിസ്കോപ്പാ
ഫെബ്രുവരി 25

## സൃഷ്ടിക്കൊരു സങ്കീർത്തനം



അടൂർ ഭദ്രാസന ക്രിസ്തുമസ് കരോൾ പ്രോഗ്രാം












അലൈൻ മാർത്തോമ്മാ ഇടവകയുടെ ആദ്യകുർബ്ബാനയും ഹാർവെസ്റ്റ് ഫെസ്റ്റും

ഹെർമ്മോൻ
ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക



പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ് തരകൻ**
**ശ്രീ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്**
**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**
**എഡിറ്റോറിയൽ**

**8** **ബേഥെസ്ദായിലെ കലക്കമില്ലാത്ത വചനം**
–റവ. സി.സി. കുരുവിള

**10** **ഹൃദയത്തെ ജ്വലിപ്പിക്കുന്ന വചനാനുഭവം**
–റവ. സജു ശാമുവേൽ സി.കൂടൽ

**13** **വചനകേൾവി: രൂപാന്തരത്തിനും സാക്ഷ്യനിർവ്വഹണത്തിനും**
–മറിയം ഏബ്രഹാം

**19** **Rituals versus Renewal**
–Kuruvila Daniel


**21** **സഭയിൽ അരനൂറ്റാണ്ട് കത്തിജ്വലിച്ച കറ്റാനത്തച്ചൻ**
–ഇവാ. റ്റി.എം. കോശി കറ്റാനം

**22** **അനാഥരുടെ സംരക്ഷകനായ സാധു കൊച്ചുകുഞ്ഞുപദേശി**
–കലയപുരം മോനച്ചൻ

**24** **പുതിയകാലത്തെ കൺവൻഷനുകൾ**
–ബൈജു ജോയി

**26** **വിശ്വസിക്കുന്നവന് സകലവും കഴിയും – Kids Corner**
–ഷിൻസി തോമസ്

**27** **കൗമാരക്കാരുടെ പെരുമാറ്റ പ്രത്യേകതകൾ**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ പ്രിയരെ,

2018 സമാഗതമായല്ലോ. പുതുവത്സരത്തിന്റെ എല്ലാവിധ നന്മകളും അനുഗ്രഹങ്ങളും ഏവർക്കും ആശംസിക്കുന്നു. പുതുവത്സരം പുത്തൻ ദർശനങ്ങളോടെ ദൈവത്തിലാശ്രയിച്ച് കാര്യക്ഷമമായി ജീവിക്കുവാനും പ്രവർത്തിക്കുവാനും ദൈവം കൃപ നൽകട്ടെ. പിന്നിട്ട സംവത്സരം ഭദ്രാസനമായി നാം എല്ലാവരും അനുഭവിച്ച ദൈവകൃപയ്ക്ക് നന്ദി കരേറ്റാം.

പുതുവത്സരത്തിന്റെ ആദ്യദിനങ്ങൾ വചനധ്യാനത്തിനും പഠനത്തിനുമായി നാം ക്രമീകരണങ്ങൾ ചെയ്തിരിക്കുകയാണല്ലോ. ജനുവരി 3 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ നടക്കുന്ന ഭദ്രാസന കൺവൻഷനു എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. എല്ലാ ഇടവകകളിൽനിന്നും കുടുംബം കുടുംബമായി വന്ന് വചനധ്യാനങ്ങളിൽ പങ്കാളികളാകണം. സമാപനദിനമായ ജനുവരി 7–ാം തീയതി ഞായറാഴ്ച നടക്കുന്ന വിശുദ്ധ കുർബ്ബാനയിൽ ഒരുക്കത്തോടെ വന്നുസംബന്ധിക്കുന്നതിന് ഏവരും ഉത്സാഹിക്കണം.

ജനുവരി 26–ാം തീയതി വെള്ളിയാഴ്ച 10 മണി മുതൽ അടൂർ കൺവൻഷൻ നഗറിൽ ഭദ്രാസന കുടുംബസംഗമം ഒരുക്കുന്നു. ഭദ്രാസനത്തിലുൾപ്പെട്ട എല്ലാ കുടുംബങ്ങളും നിർബ്ബന്ധമായും വന്നു സംബന്ധിക്കണമെന്നു താല്പര്യപ്പെടുന്നു. കുടുംബജീവിതത്തിന്റെ കെട്ടുറപ്പും ഭദ്രതയും അനുസരിച്ചാണ് സഭയും സമൂഹവും നല്ല നിലയിൽ നിലനിന്നുപോരുന്നത്. കുടുംബഛിദ്രവും വിവാഹമോചനവും അടിക്കടി വർദ്ധിച്ചുവരുന്നത് തികച്ചും ദുഃഖകരമായ അനുഭവമാണ്. കുടുംബജീവിതത്തിൽ ചെറിയ ചെറിയ അലോസരങ്ങൾ അനുഭവപ്പെടുമ്പോൾ പരിശീലനം സിദ്ധിച്ച കൗൺസിലേഴ്സിന്റെ സേവനം സ്വീകരിപ്പാൻ മടിക്കരുത്. നമ്മുടെ ഭദ്രാസനത്തിൽ അടൂർ സ്പിരിച്വാലിറ്റി സെന്ററിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള കൗൺസിലിംഗ് സൗകര്യം ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നത് വലിയ പ്രതിസന്ധികളെ ഒഴിവാക്കുവാൻ ഏറെ സഹായിക്കും. നാം ക്രമീകരിച്ച "ബെയർ ഫൂട്ട് കൗൺസിലേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ" നൂറിലധികം ആളുകൾ സേവനസന്നദ്ധരായി സംബന്ധിച്ചു. ഇവരെ കൂടാതെ വിദഗ്ധ പരിശീലനം സിദ്ധിച്ച വൈദികരും അത്മായരും അടങ്ങിയ ഒരു സംഘം ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ ശുശ്രൂഷ അനേകർക്ക് സഹായകരമാകുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തണം.

ഫെബ്രുവരി 11–ാം തീയതി "വലിയനോമ്പ്" ആരംഭിക്കുന്നുവല്ലോ. വ്രതശുദ്ധിയോടെയുള്ള നോമ്പാചരണം നമ്മെ കൂടുതൽ നിർമ്മലീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യും. ഒരു ആചാരാനുഷ്ഠാനം എന്നതിനപ്പുറം ദൈവാഭിമുഖ്യത്തിൽ ജീവിക്കുന്നതിനും ജനോപകരാപ്രദമായ പ്രവർത്തികളിൽ മുഴുകുന്നതിനും നോമ്പുനാളുകളിൽ നമുക്ക് സാധിക്കണം. ആഘോഷവും ആർഭാടവും വെടിഞ്ഞ് ലളിതജീവിതം നയിപ്പാൻ നോമ്പുദിനങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. ഭക്ഷണകാര്യങ്ങളിൽ മിതത്വം പാലിച്ച് അതിലൂടെ സമാഹരിക്കുന്ന തുക ഇടവകയായി സാധുജനസഹായ പ്രവർത്തനങ്ങൾക്ക് നൽകുവാൻ ഉദ്യമിക്കണം. അൻപത് ദിവസങ്ങളിലും ഭവനങ്ങളിൽവെച്ചോ, ദൈവാലയങ്ങളിൽവെച്ചോ നോമ്പുനമസ്കാരങ്ങൾ ക്രമീകരിക്കേണ്ടതാണ്.

2018–19 ലെ ഇടവക ചുമതലക്കാരേയും, കൈസ്ഥാന സമിതി അംഗങ്ങളെയും തെരഞ്ഞെടുക്കുന്ന അവസരംകൂടിയാണല്ലോ ഇപ്പോൾ. സമർപ്പിതരും, സേവനസന്നദ്ധരുമായ ആളുകളെ കണ്ടെത്തി ചുമതലകൾ നൽകുവാൻ ഏവരും ശ്രദ്ധിക്കണം. 2017–18 സാമ്പത്തിക വർഷത്തെ റിപ്പോർട്ടും കണക്കും ഏപ്രിൽ ആദ്യ ആഴ്ചകളിൽതന്നെ തയ്യാറാക്കി ഓഡിറ്റിംഗിന് വിധേയമാക്കി ഭരണഘടനാനുസരണം അതത് സമിതികളിൽ പാസ്സാക്കി മെയ് 31–നകം ഭദ്രാസന ആസ്ഥാനത്ത് നൽകിയിരിക്കേണ്ടതാണ്.

യാതൊരു കാരണവശാലും സമയം വൈകിപ്പിക്കുന്നതിന് ഇടയാകരുത്. ഇക്കാര്യത്തിൽ വികാരി അച്ചന്മാരും ഇടവക ചുമതലക്കാരും മുൻകൂട്ടി ക്രമീകരണങ്ങൾ ചെയ്തിരിക്കണം. സാമ്പത്തികവർഷത്തെ കേന്ദ്ര-ഭദ്രാസന വിഹിതങ്ങൾ മുന്നമേ അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതാണ്. മദ്ധ്യവേനൽ അവധിക്കാലത്ത് നടത്തിവരുന്ന വെക്കേഷൻ ബൈബിൾ സ്കൂൾ നേരത്തേ തന്നെ ക്രമീകരങ്ങൾ ചെയ്യേണ്ടതാണ്. ഈ അവധിക്കാലത്ത് ഉന്നത വിദ്യാഭ്യാസത്തിൽ തല്പരരും ഇപ്പോൾ നടന്നുവരുന്ന "വിജയവഴി' എന്ന പഠനക്ലാസുകളിൽ സംബന്ധിക്കുന്നവർക്കുമായി ത്രിദിനക്യാമ്പ് നടത്തുവാൻ താല്പര്യപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഹെർമ്മോൻ ദൂതന്റെ ഏപ്രിൽ-ജൂൺ ലക്കം നൂറിന്റെ നിറവിലായിരിക്കുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ പേരിൽ സ്പെഷ്യൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നതാണ്. 100 രോഗികൾക്ക് ഡയാലിസിന് ചെയ്യുന്നതിനുള്ള സഹായധനം ഹെർമ്മോൻ ദൂതൻ വായനക്കാരിലൂടെ സമാഹരിക്കുന്നതിന് താല്പര്യപ്പെടുന്നു. ഒരു ഡയാലിസിസിനു വേണ്ടിവരുന്ന 650/- രൂപാക്രമത്തിൽ വ്യക്തികൾക്കോ, ഇടവകകൾക്കോ, സംഘടനകൾക്കോ സംഭാവനയായി നൽകാവുന്നതാണ്. അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ബഹുമാനാർത്ഥം ഈ ഉദ്യമത്തിലേക്ക് സംഭാവന നൽകുവാൻ താല്പര്യപ്പെടുന്നവർ 2018 ഏപ്രിൽ 27-ന് മുൻപ് ഭദ്രാസന ഓഫീസിൽ നൽകി രസീത് വാങ്ങേണ്ടതാണ്. വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ആയുസ്സിനും ആരോഗ്യത്തിനുവേണ്ടി ഏവരും പ്രാർത്ഥിക്കണമെന്ന് അറിയിക്കട്ടെ.

നിരവധി ആളുകൾ പ്രായാധിക്യത്താലും രോഗത്താലും ശയ്യാവലംബികളായിട്ടുണ്ട്. അവരെ ഭവനത്തിൽ ചെന്ന് സന്ദർശിക്കുന്നതിനും ആവശ്യമായ സാന്ത്വന പരിചരണം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണല്ലോ ഭദ്രാസനമായി "ആർദ്രത പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മിഷൻ" ആരംഭിച്ച് നടത്തിവരുന്നത്. ഇക്കാര്യത്തിൽ ഓരോ ഇടവകയും കാര്യക്ഷമമായി പ്രാദേശികതലത്തിൽ പ്രവർത്തിക്കണമെന്ന് താല്പര്യപ്പെടുന്നു.

നമ്മുടെ ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ "ഓണത്തിന് ഒരു നേന്ത്രക്കുല" എന്ന പേരിൽ ഒരു കാർഷിക പരിപാടി നടപ്പിലാക്കിവരുന്നു. ഇടവകകൾ തോറും കൃഷിയിൽ താല്പര്യമുള്ളവർക്ക് അഞ്ച് നേന്ത്രവാഴവിത്തുകൾ നൽകുന്നു. കൃഷിഫലത്തിൽ ഒരു വാഴക്കുല ഭദ്രാസന വികസന സംഘത്തിന് നൽകേണ്ടതാണ്. അങ്ങനെ നൽകുന്ന നേന്ത്രക്കുലകളുടെ ഒരു വിപണി അടുത്ത ഓണത്തോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കുന്നതാണ്. കൂടാതെ തേനീച്ച വളർത്തൽ പരിശീലനം രണ്ട് ഘട്ടങ്ങളിലായി നടത്തി. ശുദ്ധമായ തേൻ ഉൽപ്പാദിപ്പിക്കുന്നതിനും അത് ധനാഗമ മാർഗ്ഗമാക്കുന്നതിനും സഹായകമാകുംവിധമാണ് ക്രമീകരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനാഗ്രഹിക്കുന്നവർ ഭദ്രാസന വികസനസംഘം സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.

കാലഘട്ടത്തിനനുയോജ്യമായ ശുശ്രൂഷാശൈലികളിലൂടെ ക്രിസ്തു സഭയുടെ ദൗത്യം തുടരേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ദൈവവചനം ആഴമായി പഠിക്കുന്നതിനും ഗൗരവത്തോടെ ഉൾക്കൊള്ളുന്നതിനും ആരാധനാസമൂഹത്തിന് സാധ്യമാകുമ്പോഴാണ് വിശ്വാസത്തിലടിയുറച്ച് സൗഖ്യദായകമായി നിലകൊള്ളുവാൻ കഴിയുന്നത്. കേരളാതീരത്താഞ്ഞടിച്ച 'ഓഖി' ചുഴലിക്കാറ്റിൽ എത്രയോ ഭവനങ്ങൾ കണ്ണീരിലും വേദനയിലുമായി കഴിയുന്നു. സർക്കാർ സംവിധാനങ്ങളോടൊപ്പം ക്രിസ്തീയസഭകളുടെ ക്രിയാത്മകമായ ഇടപെടലുകൾ ഇത്തരുണത്തിൽ ഏറ്റവും ആവശ്യമാണ്. നമ്മുടെ പ്രാർത്ഥനകളിൽ ദുരിതബാധിതരെ ഓർക്കുകയും സഹായകരങ്ങൾ നീട്ടുകയും ചെയ്യണം.

പ്രിയമുള്ളവരെ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വിശ്വാസജീവിതത്തിൽ മുന്നേറുവാനും, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഭാഗമായി സാക്ഷ്യജീവിതം നയിക്കുവാനും നമ്മെ സമർപ്പിക്കാം. വീണ്ടും ഒരിക്കൽകൂടി ഏവർക്കും നന്മയും പ്രതീക്ഷകളും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു. ത്രിയേക ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

ഹെർമ്മോൻ അരമന, അടൂർ
2018 ജനുവരി 1

Marpaulos+

**മാർ പൗലൊസ് എപ്പിസ്കോപ്പാ**



# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ......

**പു**തിയ ഭദ്രാസന കൗൺസിലിന്റെ ആലോചനയോടെ അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ ശക്തവും വ്യക്തവുമായ നേതൃത്വത്തിൽ ഭദ്രാസന പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിക്കപ്പെടുന്നു. തുടർന്നും എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

ഭദ്രാസനത്തിലെ പട്ടക്കാരുടെ വാർഷിക കോൺഫറൻസ് മൂന്നാർ റിട്രീറ്റ് സെന്ററിൽ നടത്തപ്പെട്ടു. പഠനത്തിനും ധ്യാനത്തിനുമായി ലഭിച്ച അവസരം വളരെ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. ഭദ്രാസന ഇടവകകളിലെ ശുശ്രൂഷരുടെ ഒരു കൂടിവരവ് നവംബർ 30-ന് സ്പിരിച്ച്വാലിറ്റി സെന്ററിൽ വെച്ച് നടന്നു.

2017 സഭാപ്രതിനിധി മണ്ഡലത്തിലെ പഠനവിഷയത്തെ ആസ്പദമാക്കി ഭദ്രാസനതലത്തിൽ ഒക്ടോബർ 18-ാം തീയതി നടന്ന പഠനസമ്മേളനത്തിന് റവ. എബി എം. തോമസ് തരകൻ നേതൃത്വം നൽകി.

മാർ ക്രിസോസ്റ്റം ബ്ലോക്കിന്റെ പാചകശാലയും അനുബന്ധ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഭദ്രാസന ആഫീസ്-സെക്രട്ടറി ക്വാർട്ടേഴ്സ് കെട്ടിടം, മാർ ക്രിസോസ്റ്റം ബ്ലോക്ക് കെട്ടിടം എന്നിവയുടെ അലുമിനിയം റൂഫിംഗ് നിർമ്മാണം നടന്നുവരുന്നു. ഒക്ടോബർ മാസം മുതൽ അനുഗ്രഹ ഡീ-അഡിക്ഷൻ ക്യാമ്പ് പുനരാരംഭിച്ചു. 15 കുടുംബങ്ങൾ വീതം പങ്കെടുക്കുന്നു.

സൃഷ്ടിക്കൊരു സങ്കീർത്തനം ഡിസംബർ 10-ന് യൂത്ത് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ക്രമീകൃതമായി രീതിയിൽ നടന്ന പ്രസ്തുത കരോൾ സർവ്വീസിൽ ധാരാളം ആളുകൾ പങ്കെടുത്തു. കുട്ടികളുടെയും യുവാക്കളുടെയും കലാപരിപാടികൾ ഉണ്ടായിരുന്നു.

ഭദ്രാസന കൺവൻഷൻ ജനുവരി 3 മുതൽ ഏഴ് വരെ നടത്തുവാൻ ആവശ്യമായ സബ് കമ്മിറ്റികൾ രൂപീകരിച്ച് അതിന്റെ ആലോചനകളും പ്രവർത്തനങ്ങളും അവസാനഘട്ടത്തിൽ ആയിരിക്കുകയാണ്. പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കണമെ. ഭദ്രാസന കുടുംബസംഗമം ജനുവരി 26-ന് നടത്തുവാൻ ക്രമീകരണം ചെയ്തുവരുന്നു. എല്ലാ മാസത്തിന്റെയും ആദ്യ ശനിയാഴ്ച നടന്നുവരുന്ന റിവൈവൽ മീറ്റിംഗ്, രണ്ടാം ശനിയാഴ്ച വിജയവഴി, നാലാം ശനിയാഴ്ച ആർദ്രത പെയിൻ ആന്റ് പാലിയേറ്റീവ് മിഷൻ എന്നിവ ക്രമമായി നടന്നുവരുന്നു. വിജയവഴി ജനുവരി മുതൽ മാർച്ച് വരെ ഉണ്ടായിരിക്കുന്നതല്ല. ഏപ്രിൽ മാസം നാല് ദിവസം ക്യാമ്പായി നടത്തപ്പെടുന്നതാണ്. ഏവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

ക്രിസ്തുയേശുവിന്റെ തിരുപ്പിറവി ഏവരും അനുഗ്രഹകരമായി ആഘോഷിച്ചല്ലോ. ഏവർക്കും അനുഗ്രഹകരമായ ക്രിസ്തുമസ് ആശംസകളും പുതുവത്സരാശംസകളും അറിയിക്കുന്നു.

തുടർന്ന് ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപ അധികം അനുഭവിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



Editorial

## പാറമേൽ അടിസ്ഥാനമിടാം

"കുശവനാകാനുള്ള ശ്രമം ഞാൻ നിർത്തിവച്ചു, പകരം കളിമണ്ണാകുവാൻ ഞാൻ പഠിച്ചു". യുവത്വത്തിന്റെ ആവേശതിമിർപ്പിൽ കുശവനെപ്പോലെ അനായാസം ലോകത്തെ മെനഞ്ഞെടുക്കുവാൻ തനിക്ക് സാധിക്കുമെന്ന് വ്യാമോഹിച്ച ഹരീന്ദ്രനാഥ് ചതോപാധ്യായ എന്ന ഭാരത കവി സൃഷ്ടാവായ ദൈവത്തെ കണ്ടുമുട്ടി കഴിഞ്ഞപ്പോൾ തന്റെ "ശില്പി ശില്പമാകുന്നു" എന്ന കവിതയിൽ ജീവിതത്തിനു നല്കിയ അവലോകനമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. പുതുവർഷത്തിന്റെ പുലരിയിൽ പദമൂന്നിയിരിക്കുന്ന നമുക്ക് ജീവിതത്തെപ്പറ്റിയും ജീവിതഗതിയെപ്പറ്റിയും പുനർവിചിന്തനം അനിവാര്യമാകേണ്ടിയിരിക്കുന്നു.

എല്ലായിടത്തും വചനത്തിന്റെ പെരുമഴ പെയ്തിറങ്ങുന്ന കൺവൻഷൻ കാലയളവിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. തിരുവചനത്തിന്റെ പ്രഭയിൽ ജീവിതത്തെ അറിയുവാനും അവലോകനം ചെയ്യുവാനും ആത്മസമർപ്പണത്തോടെ മുന്നേറുവാനും സാധിക്കണം. മണൽപുറത്ത് വീട് മെനഞ്ഞ ഭോഷനായ മനുഷ്യന്റെ പിൻതലമുറക്കാരനായി നാം ഒരർത്ഥത്തിൽ മാറിയിരിക്കുന്നു. തിടുക്കമാണവരുടെ ഭാവം, വികാരമാണവരുടെ ഉന്മാദം. ആവേശതിരയാണ് അവരുടെ കെട്ടുപാടുകൾ. അടിസ്ഥാനം കുഴിക്കുവാനവർ മെനക്കെടാറില്ല. കാലം തീർക്കുന്ന കാറ്റിനെ അതിജീവിക്കുവാനോ ചെറുക്കുവാനോ അവർക്ക് സാധിക്കുന്നില്ല. തോരാത്ത മഴയ്ക്കോ നിലയ്ക്കാത്ത വേലിയേറ്റത്തിനോ തകർത്തുകളയുവാൻ പറ്റാത്ത ക്രിസ്തുവാകുന്ന പാറമേൽ വീടു പണിയുന്നവനാണ് ബുദ്ധിമാനായ മനുഷ്യൻ.

വേൾഡ് വിഷൻ സ്ഥാപകനായ റോബർട്ട് പീയേഴ്സിന്റെ പ്രാർത്ഥന ശ്രദ്ധേയമാണ്. "Let my heart be broken with the things that break the heart of God". ദൈവത്തിന്റെ ഹൃദയം നൊമ്പരപ്പെടുത്തുന്നതും നുറുക്കപ്പെടുന്നതുമായ വിഷയങ്ങളിൽ എന്റെ ഹൃദയവും നുറുക്കപ്പെടുവാൻ ഇടയായി തീരുമ്പോഴാണ് തിരുവചന വായനയും വ്യാഖ്യാനവും കാലിക പ്രാധാന്യമുള്ളതായി പരിണമിക്കുന്നത്.

അപ്പോൾ വചനവായനയും വ്യാഖ്യാനവും:
ഇരുളടഞ്ഞവർക്ക് പ്രകാശമായും
Light to those under darkness.

മരണാസന്നമായവർക്ക് ജീവനായും
Life to those under death

ലക്ഷ്യമില്ലാത്തവർക്ക് ലക്ഷ്യമായും മാറും.
Leadership to those without direction
അതിനായി ദൈവം നമ്മെ ഈ പുതുവർഷത്തിൽ സഹായിക്കട്ടെ.

റവ. പി.ജെ. തോമസ്
ചീഫ് എഡിറ്റർ



റവ. സി.സി. കുരുവിള
(മാർത്തോമ്മാ ചർച്ച്, ഐരാണിക്കുഴി)

**കലക്കവെള്ളത്തിന്റെ വിദൂരസാധ്യതയിലല്ല, ഉള്ളിൽ നിന്ന് പുറപ്പെടുന്ന ജീവജലത്തിന്റെ ഉറവിനെ പ്രഘോഷിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് സഭയുടെ പ്രതീക്ഷ**

അന്ന് അയാൾ പതിവിലും ആത്മവിശ്വാസത്തിലായിരുന്നു. വൈകിയാണെങ്കിലും തന്റെ സ്വപ്നങ്ങൾ സഫലമാകാൻ പോകുന്നതിന്റെ ഉത്സാഹം ആ മുഖത്ത് പ്രകടമായിരുന്നു. ഇന്ന് തന്റെ ദിനമാണെന്ന തോന്നൽ അയാളെ ഭരിച്ചു. വിചാരിച്ചതല്ല അന്നും സംഭവിച്ചത്. തനിക്കുമുമ്പെ ഒരാൾ കുളത്തിലിറങ്ങിയിരിക്കുന്നു. മുപ്പത്തിയെട്ടുവർഷമായിട്ടും ഈ പടവുകളിൽ തന്റെ ശരീരവും മനസ്സും ഇടറുന്നു. അപ്പുറത്തെ ആരവങ്ങളും ആഹ്ലാദങ്ങളും അയാളിൽ ഒരു ചലനവും സൃഷ്ടിക്കുന്നില്ല. കുളം കലങ്ങുന്നതും ആദ്യം ഇറങ്ങുന്ന ആൾ സൗഖ്യപ്പെടുന്നതും എന്നും കണ്ടുനിൽക്കാനാണ് തന്റെ വിധി. ബേഥെസ്ദാ കരുണയുടെ വീട് എന്നർത്ഥം. ഇവിടെ തനിക്കുമാത്രം കരുണയില്ലാത്ത ഇടമായി അതു മാറുന്നു. ഇനിയും ഇവിടെ തുടരുന്നതിൽ അർത്ഥമില്ല എന്ന് അയാൾ തിരിച്ചറിയുന്നു. എവിടെ പോകും? മുപ്പത്തിയെട്ടുവർഷം തന്നെ തേടിവരാത്ത ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും താൻ സ്വീകാര്യനായിരിക്കില്ലല്ലോ. ഇവിടെ തുടരുവാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു.

'തനിക്കൊപ്പം ആരുമില്ല എന്ന ബേഥെസ്ദാ'ക്കാരന്റെ കണ്ടെത്തൽ എക്കാലവും മനുഷ്യൻ അഭിമുഖീകരിക്കുന്ന ഏറ്റവും വേദനാജനകമായ തിരിച്ചറിവുകളിൽ ഒന്നാണ്. ഉത്സവങ്ങളും, അത്ഭുതങ്ങളും ഉണ്ട്. അതുകൊണ്ട് തന്നെ ആൾക്കൂട്ടവും. തനിക്കാരുമില്ലെന്ന നെടുവീർപ്പും നിലവിളിയും ഇന്നും തുടരുന്നു. ഒപ്പം നിൽക്കുന്നവരുടെ, കൂട്ടിരിപ്പുകാരുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിരിക്കുന്നു. നല്ല കാലത്ത് പണിതുയർത്തിയ സൗധനങ്ങളിൽ നിന്നൊക്കെ ആധുനിക ബേഥെസ്ദാകൾ എന്നു വിളിക്കത്തക്കവിധം നിലവിളികൾ ഉയരുന്നു. എങ്കിലും ഇവയോടൊക്കെ വിടപറയാൻ പറ്റാത്തവിധം അത് നമ്മെ കീഴ്പ്പെടുത്തിയിരിക്കുന്നു. ആയുസിന്റെ നല്ലകാലം കുളക്കരയിൽ ചിലവിട്ടിട്ടും, പ്രതീക്ഷിച്ച

# ബേഥെസ്ദായിലെ കലക്കമില്ലാത്ത വചനം

യോഹ. 5:1-8



വി. ലൂക്കോസ് 2:41–52

ഇടങ്ങളൊക്കെ അടിമ വീടുകളാണ്. അവിടെ അഞ്ചു മണ്ഡപങ്ങളുടെ പ്രൗഡിയുണ്ട്. ആരെയും ആകർഷിക്കുന്ന വലിയ വാതിലും ഉണ്ട്. അങ്ങോട്ട് പ്രവേശനം എളുപ്പമാണ്. എന്നാൽ വല്ലപ്പോഴും ഒരിക്കൽ ആദ്യം കുളത്തിൽ ഇറങ്ങുന്ന ഒരാൾക്ക് മാത്രം സൗഖ്യപ്പെട്ട് പുറത്ത് വരാം. പലവിധ രോഗം ബാധിച്ച ഒരു കൂട്ടം മനുഷ്യരെ വീടുകളിൽ നിന്നും നിരത്തുകളിൽ നിന്നും പ്രധാന ഇടങ്ങളിൽ നിന്നും ഒഴിവാക്കുവാൻ പ്രബല സമൂഹം ബോധപൂർവ്വം പ്രചരിപ്പിച്ച കെട്ടുകഥകളുടെ ഇരകളാണിവർ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ വേദഭാഗത്ത് (യോഹ. 5:3,4) ചില കൂട്ടിച്ചേർക്കലുകൾ പിൽക്കാലത്ത് നടന്നതാണ് എന്നോർക്കുക. കലക്കവെള്ളത്തിൽ പ്രതീക്ഷ വയ്ക്കുവാൻ നിർബന്ധിക്കപ്പെട്ടവരും, തടവിലാക്കപ്പെട്ടവരും ആണിവർ. ബോധ്യങ്ങളെ തിരസ്ക്കരിച്ച് ഗൂഢലക്ഷ്യങ്ങൾക്കു വേണ്ടി ദൈവീക ഇടപെടലുകളെ ബിംബവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്കെതിരെ ജാഗ്രത പുലർത്തുന്ന ഒരു സമൂഹം സൃഷ്ടിക്കപ്പെടണം. കലക്കവെള്ളത്തിന്റെ വിദൂരസാധ്യതയിലല്ല, ഉള്ളിൽ നിന്ന് പുറപ്പെടുന്ന ജീവ ജലത്തിന്റെ ഉറവിനെ പ്രഘോഷിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിലാണ് സഭയുടെ പ്രതീക്ഷ. മറ്റൊരുവൻ എനിക്കു മുമ്പായി ഇറങ്ങുന്നു, മറ്റൊരാൾ എന്നെ പിന്നിലാക്കുന്നു എന്നതാണ് വിഷയം. എന്റെ ആയുസും സാധ്യതയും പാഴായതിന്റെ കാരണം അപരനാണ് എന്ന ചിന്ത അപകടമാണ്. ഞാൻ ഒന്നാമതാകുന്ന ക്രമത്തിൽ മാത്രമാണ് എന്റെ വിജയം. അതുമാത്രമേ എനിക്ക് ആഘോഷിക്കുവാൻ പറ്റുകയുള്ളൂ എന്നത് അസഹിഷ്ണുതയാണ്. കുളത്തിലിറങ്ങിയവന്റെ സൗഖ്യം കുളക്കരയിലിരിക്കുന്നവന്റെകൂടെ വിജയമായി കണ്ട് ആസ്വദിക്കുന്ന ഇടമാണ് കരുണയുടെ വീട്. എനിക്ക് പിന്നാലെ വരുന്നവൻ എനിക്ക് മുമ്പനായി തീർന്നു എന്ന് ഞാൻ പറഞ്ഞവൻ ഇവൻ തന്നെ എന്ന് സ്നാപകയോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ.

വചന നിർമ്മിതമല്ലാത്ത വ്യവസ്ഥകളെ പൊളിച്ചെഴുതുന്നതിന് പെരുന്നാളുകളും ശബത്തു ദിനങ്ങളും യേശുവിന് എന്നും പ്രചോദനമാകാറുണ്ട്. യെരുശലേം ദേവാലയത്തിന്റെ വടക്കു കിഴക്ക് ഭാഗത്ത് അധികം ദൂരമല്ലാത്ത ബേഥെസ്ദാ കുളക്കരയിലേക്ക് യേശു വരുന്നത് അതിനാണ്. അരികെ എത്തുന്നവരെ മാത്രമല്ല, അന്വേഷിച്ചെത്തിയും സൗഖ്യപ്പെടുത്തുന്നവനാണവൻ. സൗഖ്യമാകാൻ മനസുണ്ടോ എന്ന യേശുവിന്റെ ചോദ്യത്തോട് പ്രതികരിക്കാൻ പോലും സാധിക്കാത്ത വിധം തകർന്നുപോയ ഒരുവനെയാണ് ഈ വേദഭാഗത്ത് കാണുന്നത്. മുപ്പത്തിയെട്ടുവർഷം അവൻ അവിടെ ആയിരുന്നത് മറ്റൊന്നിനും അല്ലല്ലോ. അവനെ കാണുവാൻ കഴിഞ്ഞ യേശുവിന് അവന്റെ ഉള്ളിലെ തേങ്ങലുകൾ കേൾക്കുവാനും കഴിയും. ആവശ്യപ്പെടാത്തവനും വിശ്വാസം പ്രഖ്യാപിക്കാത്തവനും യേശു സൗഖ്യം നൽകി എന്ന വ്യാഖ്യാനം ഉണ്ടാകാം. ക്രിസ്തുവിന്റെ വാക്കുകൾ അനുസരിക്കുന്നത് തന്നെയാണല്ലോ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനം. യെഹൂദന്മാരുടെ ഉത്സവത്തോടനുബന്ധിച്ചാണ് യെരുശലേമിൽ യേശുവിന്റെ സാന്നിദ്ധ്യം എന്നത് ഈ വേദഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ഉത്സവങ്ങളിലും അത് രൂപപ്പെടുത്തുന്ന ആൾകൂട്ടങ്ങളുടെ മധ്യത്തിലും നിറസാന്നിദ്ധ്യമാകുന്നതാണ് നേതാക്കളുടെ പതിവുരീതി. എന്നാൽ ഉത്സവങ്ങളുടെ പിന്നാമ്പുറങ്ങളിലേക്കിറങ്ങി നൊമ്പരപ്പെടുന്ന ജീവിതങ്ങളുടെ ഇടയനാകുന്നവനാണ് ക്രിസ്തു. അലങ്കാരങ്ങളുടെ അപ്പുറത്ത് ജീവിതങ്ങളുണ്ടെന്നും അവിടെയാണ് തന്റെ മേഖലയെന്നും ക്രിസ്തു പഠിപ്പിക്കുന്നു. ബേഥെസ്ദാ കുളക്കരയിൽ അനേകം രോഗികൾ ഉണ്ടായിരുന്നിട്ടും ഒരാൾ മാത്രമാണ് തെരഞ്ഞെടുക്കപ്പെട്ടത്. ഈ അവസ്ഥയിൽ അയാൾ ഏറിയ കാലം പിന്നിട്ടിരിക്കുന്നു എന്ന് യേശുവിന് അറിവ് ലഭിക്കുന്നതായി യോഹ. 5:6-ൽ രേഖപ്പെടുത്തിയിരിക്കുന്നു. വചനത്തിൽ പ്രകാശിതമായ ഒരു സമൂഹത്തിന്റെ പങ്ക് ഇതിൽ വായിച്ചറിയാം. മനുഷ്യന്റെ വേദനകൾക്കും പോരാട്ടങ്ങൾക്കും ഒപ്പം നിൽക്കുന്നവരാണ് സൗഖ്യദായകസമൂഹം. അനന്തരം യേശു അവനെ ദേവാലയത്തിൽ കണ്ടുമുട്ടുന്നു. യേശുവിന് ഇനിയും അവനെ കണ്ടുമുട്ടേണ്ട ഇടവും അതുതന്നെ. മുപ്പത്തിയെട്ടു വർഷം അടിമവീടായിരുന്ന ബേഥെസ്ദാ കുളക്കരയിൽ നിന്നും അവൻ വിടുവിക്കപ്പെട്ടത് ദേവാലയത്തിലായിരിക്കുവാനും ദേവാലയത്തിന്റെ തുടർച്ച ആയിരിക്കുവാനുമാണ്. ഉത്സവമാക്കപ്പെടേണ്ട വിഷയങ്ങളിൽ നിന്ന് വ്യതിചലിച്ച്, അതിനെ വിവാദമാക്കുന്നവരുടെ ഗണത്തിൽപെടാതിരിക്കുവാനുള്ള ജാഗ്രത അവൻ പുലർത്തണം. അത് നഷ്ടപ്പെടുന്ന ഇടങ്ങളിലൊക്കെ ക്രിസ്തു ഒറ്റുകൊടുക്കപ്പെടുന്നു. വചനമാകുന്ന യേശുവിനെ കണ്ടുമുട്ടുന്നവരുടെ ജീവിതമൊക്കെ പുതുക്കപ്പെടണം. കുളക്കരയിൽ നിന്നും അയാൾ ദേവാലയത്തിൽ എത്തിയതുപോലെ. "അനന്തരം യേശു അവനെ ദേവാലയത്തിൽ വച്ച് കണ്ടു. അവനോട്, നോക്കൂ, നിനക്കു സൗഖ്യമായല്ലോ. അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത് എന്നു പറഞ്ഞു. ●



റവ. സജു ശാമുവേൽ സി.
കൂടൽ



# ഹൃദയത്തെ ജ്വലിപ്പിക്കുന്ന വചനാനുഭവം

> **വചനകേൾവി പൂർണ്ണമാകുന്നത് അവ ഗ്രഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെയാണ്.**

നന്മയും തനിമയും നഷ്ടപ്പെട്ടു മരുഭൂമിക്കു സമാനമായി തീർന്നു കൊണ്ടിരിക്കുന്ന ഇടങ്ങളിൽ വചനത്തിന്റെ മരുപ്പച്ച സൃഷ്ടിക്കപ്പെടേണ്ടത് അനിവാര്യമാണ്. നമ്മൾ ഒരു പുതിയ സംവത്സരത്തിലേക്ക് പ്രവേശിച്ചിരിക്കുമ്പോൾ ദൈവശബ്ദം കേട്ട് നമ്മുടെ ജീവിതം വചനാധിഷ്ഠിതമായി കെട്ടുപണി ചെയ്യുക തന്നെ വേണം. ദൈവവചന കേൾവിയുടെ ആവേശമായിരുന്ന കൺവൻഷനുകൾ പോലും അപ്രസക്തമായി കൊണ്ടിരിക്കുകയും, അവ ഒരു ആചാരമായി മാത്രം തീർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ നാളുകളിൽ ഹൃദയത്തെ ജ്വലിപ്പിച്ച് രൂപാന്തരത്തിന്റെ അനുഭവം പകരുന്ന വചനാനുഭവം വീണ്ടെടുക്കേണ്ടതുണ്ട്.

**ആത്മ പ്രകാശനത്തിലേക്കു നയിക്കുന്ന വചനാനുഭവം**

താൻ പഠിക്കുന്ന സ്ക്കൂളിലെ മറ്റൊരു വിദ്യാർത്ഥിയെ കൊന്നാൽ പരീക്ഷ മാറ്റിവെയ്ക്കുകയും സ്ക്കൂളിന് അവധി ലഭിക്കുകയും ചെയ്യും എന്ന് കരുതുന്ന കൊച്ചു കൂട്ടുകാരുള്ള ഒരു ലോകമാണിത്. എന്നാൽ "യഹോവയെ അരുളിചെയ്യണമേ അടിയൻ കേൾക്കുന്നു" എന്ന് പറഞ്ഞ ശമുവേൽ ബാലന്റെ നിഷ്കളങ്കതയും സമർപ്പണവും ദൈവശബ്ദം പുതിയ ആത്മബോധങ്ങളിലേക്ക് നമ്മെ വഴി നടത്തും. നിയോഗങ്ങളെ തിരിച്ചറിയുവാനും അവ ഗൗരവ്വമായി ഏറ്റെടുക്കുവാനും ദൈവവചനം നമ്മെ നിരന്തരം വെല്ലുവിളിക്കുന്നുണ്ട്. ദൈവത്തിന്റെ പ്രതീക്ഷകളുടെ പൂർത്തീകരണം സാദ്ധ്യമാക്കുവാൻ ആത്മ പ്രകാശനം നമ്മെ സഹായിക്കും.

അപ്പൊസ്തലപ്രവർത്തികൾ 8-ാം അദ്ധ്യായത്തിൽ കാണുന്നതുപോലെ യെശയ്യായുടെ പ്രവാചക പുസ്തകം വായിക്കുന്ന ഒരുവനോട് ഫിലിപ്പോസ് ചോദിക്കുന്നു "നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ"? വായനയിലൂടെയും, കേൾവിയിലൂടെയും എത്രമാത്രം ആത്മ പ്രകാശനം പ്രാപിക്കുവാൻ കഴിയുമെന്ന സൂചന ഇവിടെ കാണുവാൻ കഴിയും. ദുർഗ്രഹമായ (incomprehensive) ദൈവാനുഭവങ്ങളെ കൂടുതൽ വ്യക്തമായി ഗ്രഹിക്കുവാനും (comprchend) അതുവഴി നമ്മെ തന്നെ തിരിച്ചറിയുവാനും വചനം സഹായിക്കും. വചനം ഗ്രഹിക്കാതെ ആത്മീയചിന്തയിലും, ഉപരിവിപ്ലവമായ ആത്മീയതയിലും കഴിയുന്നവരുടെ എണ്ണം വർദ്ധിക്കുന്നുണ്ട്. വചനകേൾവി പൂർണ്ണമാകുന്നത് അവ ഗ്രഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെയാണ്. ദൈവസമ്പർക്കത്തിൽ വളരുവാനും, ദൈവീക അവബോധത്തെ സൃഷ്ടിക്കുവാനും വചനാനുഭവം പ്രേരണ നൽകും.

വചനത്തിന്റെ അടിവേരുകൾ നഷ്ടപ്പെടുമ്പോൾ ആത്മീയ അരാജകത്വവും, ദുരാചാരങ്ങളും വളരുവാൻ ഇടയാകും. ആത്മീയതയുടെ പ്രകടമായ മാനങ്ങളെ (rites, rituals, traditions) വിമർശനാത്മകമായി വിശകലനം ചെയ്യുവാൻ തിരുവചനം നമ്മെ ശക്തീകരിക്കും. സഭയിൽ സംഭവിച്ച രണ്ട് പ്രധാന നവീകരണങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. 1517-കളിൽ മാർട്ടിൻ ലൂഥർ നേതൃത്വം നൽകിയ നവീകരണവും, 1830-കളിൽ പാലക്കുന്നത് ഏബ്രഹാം മൽപ്പാനും കൈതയിൽ ഗീവർഗ്ഗീസ് മൽപ്പാനും മലങ്കര സഭയിൽ നേതൃത്വം നൽകിയ നവീകരണവും വചനാനുഭവത്തിന്റെ സാംഗത്യവും പ്രസക്തിയും ഉയർത്തിക്കാട്ടുന്നു. ആത്മ പ്രകാശനത്താൽ ആത്മീക നവോത്ഥാനത്തിങ്കലേക്ക് നയിച്ച ഈ നവീകരണങ്ങളുടെ ഊർജ്ജ സ്രോതസ്സ് ദൈവവചനമായിരുന്നു. ആത്മീയതയ്ക്കു പുതിയ നിർവ്വചനവും ഭാഷയും നൽകി ആത്മീയതയുടെ ഒരു പ്രതിസംസ്ക്കാരം (Counter Culture ) രൂപപ്പെടുവാൻ വചനാനുഭവം ഇടയാക്കി.

ഉയർത്തെഴുന്നേറ്റ കർത്താവിന്റെ ശബ്ദം എമ്മവൂസിലേക്കുള്ള യാത്രാമദ്ധ്യേ കേട്ട ശിഷ്യന്മാരുടെ ഹൃദയം ഉള്ളിൽ കത്തികൊണ്ടിരുന്നതായ് നാം വായിക്കുന്നു. കർത്താവിന്റെ ശബ്ദം ആത്മ പ്രകാശനത്തിന്റെ അനുഭവമാണ്. വചനം കേട്ട് അനുസരിക്കുന്നവരെ ബുദ്ധിയുള്ള മനുഷ്യരായും അനുസരിക്കാത്തവരെ ബുദ്ധികെട്ടവരായും വചനം ഉപമിച്ചിരിക്കുന്നു. ചതിവും, വഞ്ചനയും, കളവും, അക്രമവും, തിന്മ പ്രവർത്തികളും വെടിഞ്ഞ് നന്മയിൽ അധിഷ്ഠിതമായ് ജീവിക്കുവാൻ വചനാനുഭവം നമ്മെ ഉത്ബോധിപ്പിക്കുന്നു.

**ധാർമ്മിക പരിസരങ്ങളെ സൃഷ്ടിക്കുന്ന വചനാനുഭവങ്ങൾ**

ധാർമ്മികതയുടെ പച്ചപ്പുകൾ വെട്ടിമുറിച്ച് അധർമ്മത്തിന്റെ പരിസരങ്ങളെ സൃഷ്ടിക്കുവാനുള്ള പ്രവണതകൾ ഇന്ന് സാധാരണയായി കൊണ്ടിരിക്കുന്നു. അന്യരാക്കപ്പെട്ടവരുടെയും, അഭയാർത്ഥികളാക്കപ്പെട്ടവരുടെയും എണ്ണം വർദ്ധിച്ചു വരുന്നു. മതതീവ്രവാദവും, സാസ്ക്കാരിക ദേശീയതയും നമ്മുടെ ദേശത്തെ വീണ്ടും പാഴും, ശൂന്യവും ആക്കികൊണ്ടിരിക്കുന്നു. ക്രമരഹിതമായ അവസ്ഥയിൽ നിന്നും ജീവനും, ജീവനവും, ക്രമവും നൽകി ഭൂമണ്ഡലത്തെ ആകമാനം ദൈവം സൃഷ്ടിച്ചതായ് നാം വായിക്കുന്നു. എന്നാൽ ക്രമം വിട്ടും, ക്രമം തെറ്റിയും അധാർമ്മികതയുടെ വിത്ത് പാകുവാൻ മനുഷ്യർ മത്സരിക്കുകയാണ്.

ഏകസ്വരതയെക്കാൾ ബഹുസ്വരത മുൻനിർത്തി വൈവിധ്യത്തെ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്ന് സൃഷ്ടി പ്രക്രിയയിലൂടെ നാം കേൾക്കുന്നു. ഏവർക്കും വാസയോഗ്യമായ ഇടം സൃഷ്ടിക്കുക എന്നതായിരുന്നു ദൈവീക സൃഷ്ടിയുടെ ഉദ്ദേശ്യം. ദൈവം സകലർക്കുമായി സൃഷ്ടിച്ച ഇടത്തെ നമ്മളുടേതു മാത്രമായി സൃഷ്ടിക്കുവാനുമുള്ള മനോഭാവം അധാർമ്മീകതയ്ക്ക് വഴിതെളിക്കും. ശക്തനും-ബലഹീനനും, ഉള്ളവനും-ഇല്ലാത്തവനും, വിവിധ മതത്തിലും സംസ്ക്കാരത്തിലും നിലനിൽക്കുന്നവരും, സ്ത്രീയും-പുരുഷനും-ഭിന്ന ലിംഗക്കാരും, പ്രകൃതിയും മനുഷ്യരും ഒക്കെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ധാർമ്മികത നട്ടു നനച്ചു വളർത്തുവാൻ തിരുവചനകേൾവിയുടെ പങ്ക് ചെറുതല്ല. ആമോസ് പ്രവാചകൻ പറഞ്ഞതുപോലെ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകുവാൻ വചനാനുഭവം ഇടയാകും.

വാസയോഗ്യമല്ലാത്ത വീടുകളിൽ പാർക്കുന്നവർക്കായ് വീടുകൾ നിർമ്മിക്കപ്പെടേണ്ടത് ധാർമ്മികതയുടെ ഭാഗമാണെന്ന് തിരുവചനത്തിലൂടെ ചൂണ്ടിക്കാണിക്കപ്പെട്ടപ്പോൾ ഭൂ-ഭവന ദാന പ്രസ്ഥാനം സഭ ആരംഭിച്ചു. അശരണർക്കും അഗതികൾക്കും ജീവനത്തിന്റെ ഇടം നഷ്ടപ്പെട്ട സാഹചര്യങ്ങളെ ചോദ്യം ചെയ്യുന്നതിന്റെ അടയാളമായി മന്ദിരങ്ങൾ നിലകൊള്ളുന്നു. വചനാനുഭവത്തിന്റെ വീണ്ടെടുപ്പ് അധാർമ്മികത ചോദ്യം ചെയ്തുകൊണ്ട്

ധാർമ്മിക പരിസരങ്ങളെ സൃഷ്ടിക്കുന്നു എന്നതാണ്.

ദൈവീക ശബ്ദത്തിന്റെ കാലികവും സംഗതവുമായ വായനയിലൂടെയാണ് യേശു കർത്താവ് ധാർമ്മീക ഇടങ്ങളെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നത്. പരീശന്മാരോടും ശാസ്ത്രിമാരോടും ധാർമ്മീകത മുൻനിർത്തി വചനം വ്യാഖ്യാനിക്കുവാൻ കർത്താവ് ശ്രദ്ധിക്കുന്നു. ധാർമ്മിക പരിസരങ്ങളെ സൃഷ്ടിക്കാതെ ദൈവരാജ്യം സ്ഥാപിതമാക്കുവാൻ കഴിയില്ല. ഇവിടെ ചൂഷണത്തിന്റെയും, അക്രമത്തിന്റെയും, ഭീഷണിയുടെയും, പാർശ്വവത്ക്കരണത്തിന്റെയും രീതികൾ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. വചനത്തിന്റെ ജഡാവതാരം സംഭവിച്ചതും നന്മയുടെയും നീതിയുടെയും ഇടങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയാണ്.

**അന്വേഷണോന്മുഖായരും, ക്രിയാത്മകവുമായ തിരുവചനകേൾവി മനുഷ്യനെയും, സഭയെയും അനുനിമിഷം രൂപാന്തരപ്പെടുത്തും.**

**ശീലങ്ങളെ രൂപാന്തരപ്പെടുത്തുന്ന വചനാനുഭവം.**

ഓരോ കാലഘട്ടത്തിലെയും ശീലങ്ങളെ രൂപപ്പെടുത്തുന്നതിനും, നിലനിർത്തുന്നതിനും ചില മൂല്യദർശനങ്ങളുണ്ട്. ദൈവവചനത്താൽ ഈ ശീലങ്ങൾ രൂപപ്പെടുത്തുന്നത് ദൈവീക ഉദ്ദേശ്യങ്ങളിൽ നമ്മെ നിലനിൽക്കാൻ സഹായിക്കും. തെറ്റായ ശീലങ്ങളുടെ അപനിർമ്മാണവും നല്ല ശീലങ്ങളുടെ പുനർനിർമ്മാണവും ഗൗരവ്വമായി നമ്മൾ കാണണം.

അപരോന്മുഖമായും ദൈവോന്മുഖമായും ജീവിച്ചാൽ മാത്രമേ നല്ല ശീലങ്ങൾ ചിട്ടപ്പെടുത്തുവാൻ കഴിയൂ. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട വിമോചന ദൈവശാസ്ത്രങ്ങൾ (ലിബറേഷൻ തിയോളജി, ബ്ലാക്ക് തിയോളജി, ദളിത് തിയോളജി, ഫെമിനിസ്റ്റ് &വുമണിസ്റ്റ് തിയോളജി). തെറ്റായ ശീലങ്ങൾ ചോദ്യം ചെയ്യുവാൻ ഇടയാകുന്നു. നമ്മുടെ ശീലങ്ങൾ അന്യവത്ക്കരണത്തിനും പാർശ്വവത്ക്കരണത്തിനും എതിരെ നിലപാടുകൾ കൈകൊള്ളുന്നതാകണം. യേശു കർത്താവ് 'വിജാതീയരോടും', 'അസ്പൃശ്യരോടും', കൈകൊണ്ടിട്ടുള്ള നിലപാടുകൾ ഇവിടെ ഉദാഹരണങ്ങളാണ്. ദൈവവചനം ചില പുതിയ നന്മയുടെ ശീലങ്ങളിലേക്ക് നമ്മെ മാടിവിളിക്കുന്നു.

ശീലങ്ങൾ ജീവിതത്തിലെ തെരഞ്ഞെടുപ്പുകളേയും തീരുമാനങ്ങളേയും സ്വാധീനിക്കും. മാരമൺ കൺവൻഷനിൽ കേട്ട ദൈവശബ്ദത്തിന്റെ വെളിച്ചത്തിൽ വെറ്റില മുറുക്ക് ശീലച്ചിരുന്നവർ തങ്ങളുടെ വെറ്റില പ്പൊതികൽ മണൽപ്പുറത്ത് കുഴിച്ചിട്ട് ലഹരി പദാർത്ഥങ്ങൾക്കെതിരെ പ്രതികരിക്കുവാൻ ഇടയായി എന്ന് നാം ഓർക്കണം. ലഹരിപദാർത്ഥങ്ങളോടും, ആർഭാടത്തോടുമുള്ള നമ്മുടെ മനോഭാവത്തെ ദൈവവചനത്താൽ ക്രമപ്പെടുത്തുവാൻ കഴിയണം. മനുഷ്യ കേന്ദ്രീകൃതമായ (anthropo Centric) സമീപനങ്ങൾ തിരുത്തി പാരിസ്ഥിതികവും (Eco centric) ദൈവീകവുമായ (Theo Cetric) സമീപനങ്ങളിലൂടെ നമ്മുടെ ശീലങ്ങളെ രൂപപ്പെടുത്തുവാൻ കഴിയണം. അർത്ഥവത്തായ ഒരു ജീവിതശൈലിയാണ് വചനാനുഭവം സമ്മാനിക്കുന്നത്. ക്രിസ്തുവിൽ അധിഷ്ഠതമായ ജീവിത ശൈലി ക്രിസ്തുവിൽ വചനാനുഭവം നൽകുന്നു.

അന്വേഷണോന്മുഖമായും, ക്രിയാത്മകവുമായ തിരുവചനകേൾവി മനുഷ്യനെയും, സഭയെയും അനുനിമിഷം രൂപാന്തരപ്പെടുത്തും. വചനം നമ്മിൽ ചെലുത്തുന്ന സ്വാധീനം എന്ത് എന്ന തിരിച്ചറിവാണ് വചന വീണ്ടെടുപ്പ് യാഥാർത്ഥ്യവത്ക്കരിക്കുന്നത്. അണയാത്ത വഴിവിളക്കായ് വചനം വരും തലമുറകൾക്ക് പ്രകാശം ചൊരിയുകയും, മൂല്യങ്ങൾ പകരുകയും ചെയ്യും.

## 100 പേർക്ക് കിഡ്നി ഡയാലിസിസ്

വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദിയുടെ ഭാഗമായി ഹെർമ്മോൻ ദൂതന്റെ ആഭിമുഖ്യത്തിൽ 100 പേർക്ക് കിഡ്നി ഡയാലിസിസിനുള്ള ക്രമീകരണം ചെയ്യുവാൻ താല്പര്യപ്പെടുന്നു. ഈ സംരംഭത്തിനു ധനസഹായം നൽകുവാൻ താല്പര്യപ്പെടുന്നവർ അരമന ഓഫീസുമായി ബന്ധപ്പെടുക.

ഒരു ഡയാലിസിന് 650 രൂപ നിരക്കിൽ വ്യക്തികളായോ, ഇടവകയായോ, സംഘടനകളായോ സ്പോൺസർ ചെയ്യുവാൻ താല്പര്യപ്പെടുന്നു. നോമ്പുകാലത്ത് ഒരു ദിവസത്തെ വരുമാനം നമുക്ക് ഈ സംരംഭത്തിനായി വേർതിരിക്കാം.



മറിയം ഏബ്രഹാം
ശാലേം മാർത്തോമ്മ ചർച്ച്
കടമ്പനാട്

യേശു പറഞ്ഞ ദൈവരാജ്യത്തിന്റെ ഉപമകൾ കേൾവിക്കാർ തങ്ങളുടെ മേൽ തന്നെ ഒരു വിധി പ്രസ്താവിക്കാൻ നിർബന്ധമാകുന്നതിന് അവസരം ഒരുക്കുകയാണ്. കഴിഞ്ഞ വിളവെടുപ്പിന് ശേഷം തരിശായി കിടക്കുന്ന ഭൂമിയിൽ ആദ്യത്തെ മഴ കിട്ടിയപ്പോൾ വിതക്കാരൻ വിതപ്പാൻ പുറപ്പെട്ടു. മുൾച്ചെടികളും അതിക്രമിച്ചു കടന്നവർ സ്ഥിരമായി നടന്നതിനാൽ ഉണ്ടായ വഴിച്ചാലുകളും ഉണ്ട്. എല്ലായിടത്തും വിത്തു വിതറി. പാലസ്തീനിൽ വിത കഴിഞ്ഞിട്ടാണ് നിലം ഉഴുതു മറിക്കുന്നത്. കൊയ്ത്തിന്റെ സമൃദ്ധിയാണ് ഉപമയിലെ പ്രധാന ആശയം. ദൈവരാജ്യത്തിന്റെ വിത്തായ ദൈവവചനം യേശു വിതച്ചു. പ്രത്യക്ഷത്തിൽ എന്തെല്ലാം പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായാലും ദൈവവചനം നൂറുമേനി ഫലം നൽകി.

**1. വിതക്കാരന്റെ ഉപമ: ദൈവരാജ്യ മർമ്മങ്ങളുടെ വെളിപ്പെടുത്തൽ.**
ദൈവവചനത്തിന്റെ ശക്തിയും ഫലം പുറപ്പെടുവിക്കലും വചന സ്വീകരണവുമാണ് ഇവിടുത്തെ പ്രതിപാദന വിഷയം. മനുഷ്യജീവിതത്തിൽ ചിരപരിചിതമായ യാഥാർത്ഥ്യങ്ങൾ ഉപയോഗിച്ച് ഭൂമിയിൽ ദൈവരാജ്യത്തിന്റെ തുടക്കവും വളർച്ചയും സ്വീകരണവും യേശു വിവരിക്കുന്നു. വിതക്കാരന്റെ ഉപമയിലും (ലൂക്കോ. 8:4–8) അതിന്റെ വിശദീകരണത്തിലും (ലൂക്കോ. 8:9–15) ശ്രോതാക്കൾ ദൈവവചനം സ്വീകരിച്ച് നല്ല ഫലം പുറപ്പെടുവിക്കാനുള്ള ആഹ്വാനമാണ്. ഇവിടെ പ്രാധാന്യം വിതക്കാരനല്ല, വിത്തിനും ഫലത്തിനുമാണ്. അതിശയകരവും അവിശ്വസനീയവുമായ വിളവ് ലഭിക്കും എന്ന് ഉപമ പഠിപ്പിക്കുന്നു. നല്ല നിലമായിരിക്കണമെന്ന് വ്യാഖ്യാനം ഉദ്ബോധിപ്പിക്കുന്നു. ദൈവവചനത്തെ വി ത്തെ ന്ന് ... വിശേഷിപ്പിക്കുന്നു. (ലൂക്കോ. 8:11). ഈ വി ത്ത് ... ദൈവരാജ്യമാണ്. ദൈവരാജ്യം യേശു ത ന്നെ ... യാണ്. (ലൂക്കോ. 8:11,21). യേശുവിന്റെ വചന ... ത്തിലൂടെയും പ്രവർത്തിയിലൂടെയും ആരംഭിച്ച ദൈവരാജ്യത്തിന് ലഭിക്കുന്ന അന്തിമ വിജയമാണ് ഉപമയിൽ എടുത്ത് കാട്ടുന്ന

> **പ്രത്യക്ഷത്തിൽ എന്തെല്ലാം പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായാലും ദൈവവചനം നൂറുമേനി ഫലം നൽകും**



# വചന കേൾവി രൂപാന്തരത്തിനും സാക്ഷ്യനിർവ്വഹണത്തിനും

**ലൂക്കോ. 8:4–18**

ത്. പ്രതിസന്ധികളും ക്ലേശങ്ങളും ധാരാളം ഉണ്ട്. ഏറെ വിത്തും വെറുതെ ആയെന്ന് തോന്നും. പക്ഷേ നഷ്ടപ്പെടാത്ത വിത്തിൽ നിന്ന് അത്ഭുതപ്പെടുത്തുന്ന വിധം വിളവ് ലഭിച്ചു. നൂറുമേനി വിളവ് ദൈവവചനത്തിന് ലഭിക്കുന്ന അന്തിമ വിജയത്തെ സൂചിപ്പിക്കുന്നു. കാരണം "എന്റെ വചനം" വൃഥാ മടങ്ങി വരില്ല എന്നു യെശ. 55:11 പറയുന്നു. വിത്തിന്റെ നാലിൽ ഒരു ഭാഗം നൂറുമേനി ഫലം പുറപ്പെടുവിച്ചു. അതുമായി തുലനം ചെയ്യുമ്പോൾ നഷ്ടമായത് വളരെ നിസ്സാരമാണ്. സുവിശേഷത്തിന്, ദൈവവചനത്തിന്, ഭാവിയിൽ ലഭിക്കാനിരിക്കുന്ന വിജയമായി ലൂക്കോസ് ഇതിനെ കാണുന്നു. പ്രതിസന്ധികളും ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായാലും വചനത്തിന് അന്തിമ വിജയം ലഭിക്കും. ''കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (ലൂക്കോ. 18:8). യേശുവിന്റെ വചനത്തിന്റെ അന്തരാർത്ഥം ഗ്രഹിക്കാനുള്ള വചനം ശ്രദ്ധാപൂർവ്വം കേട്ട് ഫലം പുറപ്പെടുവിക്കാനുള്ള ആഹ്വാനമാണിത്. യേശുവിന്റെ വചനത്തിന് ചെവി കൊടുക്കുന്നവന് പ്രതീക്ഷാതീത വിജയം ലഭിക്കും.

**ദൈവരാജ്യ രഹസ്യമറിയാനുള്ള വരം.**

ശിഷ്യന്മാർ ഉപമയുടെ വിശദീകരണം യേശുവിനോട് ആവശ്യപ്പെട്ടു. യേശു പറഞ്ഞു "ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അറിയുവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നക്കുന്നു". കാരണം നിങ്ങൾ ദൈവരാജ്യത്തിന്റെ അന്തരാർത്ഥം മനസ്സിലാക്കാനുള്ള വിളി ലഭിച്ചവരും വേർതിരിക്കപ്പെട്ടവരുമാണ്.

യേശുവിന്റെ വചനമാണ് വിത്ത്, അത് സ്വീകരിക്കുന്നവരുടെ വ്യത്യസ്ത മനോഭാവം മൂലം ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെ പോകുന്നു. കാരണങ്ങൾ പലതുണ്ട്. പിശാചിന്റെ പ്രവർത്തനം, ലോക വ്യഗ്രത, സമ്പത്ത്, ജീവിത ക്ലേശം എന്നിവ. നല്ല ഫലം പുറപ്പെടുവിക്കാൻ യേശുവിനെപ്പോലെ പിശാചിന്റെ തന്ത്രങ്ങളെ തോല്പിക്കണം (ലൂക്കോ. 4:12). ഭോഷനായ ധനികനെപ്പോലെയും (ലൂക്കോ. 12:13-21) ധനവാനെപ്പോലെയും (ലൂക്കോ. 16:19-31) സമ്പത്തിനും സുഖത്തിനും അമിത പ്രാധാന്യം കൊടുത്താൽ ദൈവരാജ്യത്തിന് ഉതകുന്ന ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. സമ്പത്തിന്റെ ദുഃസ്വാധീനം മനുഷ്യന് യഥാർത്ഥ നിക്ഷേപം നേടുന്നതിന് തടസ്സമാകുന്നത് നിരവധി തവണ യേശു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാർത്തയെപ്പോലെ പലകാര്യങ്ങളിൽ ഉത്കണ്ഠാകുലരും അസ്വസ്ഥരുമായിരുന്നാൽ വചനം സ്വീകരിച്ച് ഫലം പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. ജീവിത ക്ലേശങ്ങളെയും സുഖഭോഗങ്ങളെയും അതിജീവിച്ചാലെ നല്ല ഫലം പുറപ്പെടുവിക്കാൻസാധിക്കുകയുള്ളൂ. "നല്ല മണ്ണിലുള്ളതോ വചനം കേട്ട് ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ" (ലൂക്കോ. 8:15). പത്ത് താലന്ത് നേടിയ ഭൃത്യനെപ്പോലെ വിശ്വാസികൾ എല്ലാവരും നൂറുമേനി വിളവു നൽകാൻ വചനമാകുന്ന വിത്ത് വിതച്ച നിലമാണ്. ആദ്യാവേശത്തിനു വചനം സ്വീകരിച്ചാൽ പോര. എല്ലാ സാഹചര്യത്തിലും ദൈവവചനം ഹൃദയത്തിൽ കാത്തു സൂക്ഷിച്ചാൽ മാത്രമേ നല്ല ഫലം പുറപ്പെടുവിക്കാൻ സാധിക്കൂ.

**സാക്ഷ്യ നിർവ്വഹണത്തിന് മുഖാന്തരം**

ദൈവവചനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം വിളക്കിനെക്കുറിച്ചുള്ള സാദൃശ്യത്തിലും തുടരുന്നു (ലൂക്കോ. 8:16-18). ദൈവവചനം സ്വീകരിച്ചവരുടെ പ്രവർത്തനം ഏതു വിധത്തിലായിരിക്കണം എന്നാണ് ഈ ഉപമ വെളിവാക്കുന്നത്. യേശുവാണ് വിളക്ക്. അതിനാൽ യേശുവിന്റെ സന്ദേശം പ്രകാശമാണ്. അതിന് ലോകത്തിന്റെ അന്ധകാരത്തെ നീക്കുവാൻ ശക്തിയുണ്ട്. വിത്തിന്റെ ഉപമയുമായി ചേർത്ത് ചിന്തിക്കുമ്പോൾ വചനം സ്വീകരിച്ചവർ "വെളിച്ചം കാണാൻ വിളക്ക് പീഠത്തിന്മേൽ"വെച്ചതുപോലെയായിരിക്കണം (ലൂക്കോ. 8:16). എല്ലാവർക്കും പ്രകാശം ലഭിക്കത്തക്കവണ്ണം ശിഷ്യർ യേശുവിനെ ഉയർത്തിയിരിക്കണം. അപ്പോൾ ദൈവരാജ്യ ദൂതിന്റെ പ്രകാശം സകലർക്കും ലഭിക്കും. ശിഷ്യന്മാർക്ക് ലഭിച്ച ദൈവരാജ്യ രഹസ്യം അനേകർക്ക് യേശുവിനെ അറിയാൻ ഹേതുവായിത്തീരണം. ഇത് മൂടി വെക്കാനുള്ളതല്ല, പരസ്യമാക്കാനുള്ളതാണ് (അ.പ്ര. 26:26). ദൈവവചനം എന്നേക്കും രഹസ്യമായി സൂക്ഷിക്കാൻ സാധിക്കയില്ല. പരസ്യ പ്രഖ്യാപനത്തിനും സാക്ഷ്യനിർവ്വഹണത്തിനുമായി ഉതകണം.

"ഉള്ളവന് പിന്നെയും നൽകപ്പെടും" (ലൂക്കോ. 18:18). ശിഷ്യന്മാരാണ് ഉള്ളവർ അഥവ നൽകപ്പെട്ടവർ. അവർക്ക് വചനം ലഭിച്ചിട്ടുണ്ട്. ദൈവം നൽകിയ ദൈവരാജ്യത്തെക്കുറിച്ചുള്ള അറിവ് പങ്കുവെക്കണം. "കൊടുക്കുന്തോറും ഏറിടും". ലഭിച്ച അറിവ് അനുസരിച്ച് പ്രവർത്തിക്കുന്നവന് കൂടുതൽ നൽകപ്പെടും. വചനം ശ്രവിച്ചിട്ട് അത് അനുസരിച്ച് ജീവിക്കാത്തവരിൽ നിന്ന് ഉണ്ടന്ന് വിചാരിക്കുന്നതുകൂടെ എടുക്കപ്പെടും. യേശുവിന്റെ ശിഷ്യർ ദൈവവചനം കേൾക്കുന്നവർ മാത്രമല്ല, വചനത്തിന്റെ സാക്ഷികളായി ജീവിക്കേണ്ടവരുമാണ് എന്ന് നമ്മെ ഓർപ്പിക്കുന്നു. ഇപ്രകാരം ഒരു സാക്ഷ്യ നിർവ്വഹണത്തിൽ നിലനില്പ്പാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. ❑

# നന്ദി...



2011-14, 2014-17 കാലയളവിൽ
അടൂർ ഭദ്രാസന ട്രഷററായി
സ്തുത്യർഹമായ
സേവനം അനുഷ്ഠിച്ച

**ശ്രീ. ജേക്കബ് ജോർജ്ജ്**



ഭദ്രാസനതലത്തിൽ ക്രമീകരിച്ച ഡി-അഡിക്ഷൻ ക്യാമ്പിൽ പങ്കെടുത്തവർ



ഭദ്രാസനത്തിലെ ഇടവക ശുശ്രൂഷകരുടെ സംഗമം





കുവൈറ്റ് സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകയുടെ ഹാർവെസ്റ്റ് ഫെസ്റ്റും ആദ്യകുർബ്ബാനയിൽ സംബന്ധിച്ചവരും



മണ്ഡലം പഠനവിഷയം ഭദ്രാസനതലത്തിൽ ക്രമീകരിച്ചപ്പോൾ പങ്കെടുത്തവർ



ഭദ്രാസന യംഗ് വിമൻസ് ഫെലോഷിപ്പിന്റെ ദൃശ്യം



ബെയർഫൂട്ട് കൗൺസിലിംഗ് ട്രെയിനിംഗ് പ്രോഗ്രാം



ഭദ്രാസന യുവജനസഖ്യം കലാമേള ഉദ്ഘാടനം



ഭദ്രാസന യുവജനസഖ്യം ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഏനാത്ത് സെന്റർ



ഭദ്രാസന വികസനസംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച 'ഓണത്തിന് ഒരു നേന്ത്രവാഴക്കുല' പദ്ധതിയുടെ ഉദ്ഘാടനം



ഭദ്രാസന സൺഡേസ്കൂൾ സീനിയർ ലീഡേഴ്സിനെ ആദരിക്കൽ

## അഖിലലോക സൺഡേസ്കൂൾദിന റാലിയും ഭദ്രാസന സെന്റർതല വിവിധ പ്രോഗ്രാമുകളും















നൂറനാട്, പാറ്റൂർ സേവികാസംഘാംഗങ്ങൾ വവ്വക്കാവ് ശാന്തിമന്ദിരത്തിൽ...




സത്യവാടി മിഷൻഫീൽഡിന്റെ 25-ാമത് വാർഷികം



മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ കലയപുരം - പെയിൻ & പാലിയേറ്റീവ് പ്രോജക്ട് ഉദ്ഘാടനവും സ്പോർട്സ്ഡേ പ്രോഗ്രാമും



പത്തനാപുരം സെന്റർ സൺഡേസ്കൂൾ ക്യാമ്പ്



കലയപുരം മാർത്തോമ്മാ ഇടവക 104-ാമത് ഇടവകദിനവും വിവിധ പ്രോഗ്രാമുകളും


അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ ആദ്യകുർബ്ബാനയിൽ പങ്കെടുത്തവർ


ചാരുംമൂട് ക്രിസോസ്റ്റം മാർത്തോമ്മാ ഇടവകയുടെ പാഴ്സനേജ് ശിലാസ്ഥാപനം


മാർത്തോമ്മാ യുവജനസഖ്യം ഏനാത്ത് സെന്റർ ക്യാമ്പിൽ പങ്കെടുത്തവർ


മികച്ച സൺഡേസ്കൂളായി തെരഞ്ഞെടുക്കപ്പെട്ട കായംകുളം സെന്ററിനുള്ള ട്രോഫി


കോട്ടറ മാർത്തോമ്മാ ഇടവകയുടെ വജ്രജൂബിലി ഉദ്ഘാടനദൃശ്യം


ഭദ്രാസനത്തിലെ സിംഗിൾ പേരന്റ്സിന്റെ സംഗമം



മാർത്തോമ്മാ സുവിശേഷ സേവികാസംഘം, ഏനാത്ത് സെന്റർ ക്രിസ്മസ് പ്രോഗ്രാം



കൊടുമൺ മാർത്തോമ്മാ ഇടവകയുടെ പൂർത്തിയാക്കപ്പെട്ട പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ദൃശ്യം.

**Kuruvila Daniel**
**Immanuel MTC, Kadampanad**

**Passive participation must change to active involvement**

"Before the world was created, the Word already existed; he was with God, and he was the same as God" (John 1:1). To John, this new understanding of the Word was the Good News of Jesus Christ.

"But Jesus answered, "The scripture says, "'Man cannot live on bread alone, but needs every word that God speaks.'" (Matthew 4:4). While the bread nourishes the body God wanted the Word to nourish the mind. (Note that Satan had memorized Scripture, but he failed to obey it- somewhat like us?)

The Word- It has been there and we have been listening to it for years as individuals and a religious community. An average marthomite listens to close to 100 messages from the Bible a year, on an average. Going by this number, a 50 year old member would have listened to 5000 enlightening messages! Given the relevance and coverage of themes discussed this experience is enough to renew him/her. But how many of our grey-haired members have truly got renewed by the Word? Are they able to share their time and resources with the less fortunate? Do they pray for their neighbours? Do they go beyond rituals to help the needy and save a life or forget and forgive others? How many of them believe that fear of God is the starting point of their children's learning process or that their children's spiritual well-being is as important as career growth. How many of them are models to their children in prayer? How many believe that meeting their neighbor's needs is a part of their Christian responsibility? How many of them look within for happiness? How many believe that they will enter eternity with their fellow worshippers at the second



coming of Jesus Christ? Definitely, this introspection will show us poorly, as you agree. I have seen prayer group members quarrelling over petty issues at the place of prayer immediately after the prayer! You might know regular church-goers who didn't speak to each other for years because one thought that the other wronged to one, but both of them saying the Lord's Prayer daily!!!! So…. so much input but so less (rather shameful) output! No signs of renewal in words or deeds!! Do we want to continue with this loss business (futile attempt)? As a religious community, with well-known heritage, do we want to change?

The Word has the power to purify and renew. It is a blessing. Then where is the problem? Is it so superficially delivered that it does not become a part of listener's thought and action once they leave the place of worship. Or is it because there is a lack of mechanism to help the listener practice what they internalize. Between the two the latter seems to be a better guess. But what could be the mechanism?

Let us think how science students are helped in practical sessions. Teachers supervise students and correct their methods till they learn and get the right results. Similarly, prayer group members who meet regularly should be encouraged to put into practice what they learn and present the experience of life application in successive meetings as life testimony. The speaker can subtly correct and encourage for refined application. There must be continual help and improved practice. This is like an ongoing lab experience. Passive participation must change to active involvement. Prayer group members shall come with a serious attitude; I want to change and I can change. Renewal will happen in one person and it will flows to others around him/her through actions. The effect will be contagious! It is practically possible because the prayer group listeners form almost a closed group and the speaker remains to be the same person on most sessions. Then, can we will to do it?

A few thumb rules: Firstly, the message must dwell on realities of life. Then listeners will discern God's hand in their experiences. Idealistic speech arouses emotions in listeners but people tend to be practical in life. Secondly, implanting the longing for glory of eternal life in them will make listeners more divine in thoughts and deeds. Listeners can be taught to check the worth and virtue of their actions: let them assess what an action means to their entry into eternity. Moreover, can we teach our beloved listeners not to worry after comparing themselves with others? Ultimately, each one of us is created uniquely for unique purposes!! ●

## മാർ ക്രിസോസ്റ്റം സ്പെഷ്യൽ പതിപ്പ്


ഹെർമ്മോൻ ദൂതൻ ഏപ്രിൽ-ജൂൺ ലക്കം മാർ ക്രിസോസ്റ്റം സ്പെഷ്യൽ പതിപ്പായി പ്രസിദ്ധീകരിക്കുവാൻ ഹെർമ്മോൻ ദൂതൻ എഡിറ്റോറിയൽ ബോർഡ് തീരുമാനിച്ചിരിക്കുന്നു. ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായെപ്പറ്റിയുള്ള ലേഖനങ്ങൾ, നുറുങ്ങുകൾ, ഫലിതങ്ങൾ, തിരുമേനിയുമായുള്ള ബന്ധത്തിലുള്ള പ്രത്യേക അനുഭവങ്ങൾ ആസ്വാദനക്കുറിപ്പുകൾ കൈവശമുള്ളവർ പ്രസിദ്ധീകരണത്തിനായി അറിയിക്കണമേ.

# ഭദ്രാസന കുടുംബസംഗമം

**2018 ജനുവരി 26 രാവിലെ 10 മുതൽ 1 വരെ**

**സ്ഥലം: അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ**

## ചരിത്രത്തിലൂടെ...



# സഭയിൽ അരനൂറ്റാണ്ട് കത്തിജ്ജ്വലിച്ച കറ്റാനത്തച്ചൻ

**ഇവാ. റ്റി.എം. കോശി കറ്റാനം**

മാർത്തോമ്മാ സഭയുടെ ചരിത്രത്തിൽ അതത് കാലഘട്ടങ്ങളിൽ സഭാഭരണം നടത്തിയിട്ടുള്ള മെത്രാപ്പോലീത്താമാരുടെ വിശ്വസ്തരായ ആലോചനക്കാരും, സഭാ കൗൺസിൽ, പ്രതിനിധിമണ്ഡലം ആദിയായ സമിതികളിൽ നേതൃത്വം നല്കിയവരുമായ മഹാന്മാരുടെ നിരയിൽ പ്രഗത്ഭരും ത്യാഗോജ്ജ്വലമായ സേവനസന്നദ്ധതയും ആഴമായ ദൈവാശ്രയവും സഭാസ്നേഹവുമുള്ള നിരവധി വൈദികശ്രേഷ്ഠരും, അൽമായരും ഉണ്ടായിരുന്നു. അതിൽ അഗ്രഗണ്യരായ വൈദീകരിൽ ഒരാളും മാർത്തോമ്മാ സണ്ടേസ്ക്കൂൾ സമാജത്തിന്റെ തലതൊട്ടപ്പനും പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്ന വികാരി ജനറൽ വന്ദ്യ. ജിവ്യ.ശ്രീ, വി.പി. മാമ്മൻ കശ്ശീശ.

കായംകുളത്തുനിന്നും കറ്റാനത്ത് താമസമാക്കിയ വലിയവീട്ടിൽ പീലിപ്പോസ് അച്ചന്റെയും കറ്റാനത്തുചെമ്പകം പള്ളിയിൽ മറിയാമ്മയുടെയും ദ്വിതിയ പുത്രനായി 1876 ജൂൺ 11 നു ജാതനായി. സ്വദേശത്ത് പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്ക്കൂൾ വിദ്യാഭ്യാസവും നടത്തി. തുടർന്ന് തിരുവനന്തപുരം മഹാരാജസ് കോളജിലും മദ്രാസ് ക്രിസ്ത്യൻ കോളജിലും പഠിച്ച് ബി.എ. പാസ്സായി. പഠിക്കുന്ന കാലത്തു തന്നെ സുവിശേഷ പ്രവർത്തനങ്ങളിൽ അതീവ താല്പര്യം കാണിച്ചിരുന്നു. സഭാനേതൃത്വവുമായുള്ള അടുപ്പം സഭയിൽ കൂടെ സുവിശേഷ രംഗത്തും പ്രവർത്തിക്കുവാൻ പ്രചോദനം നൽകി. യൗവ്വനകാലത്തു തന്നെ കുട്ടികളോട് വ്യക്തിപരമായി ഇടപെടുകയും അവർക്കായി പ്രാർത്ഥനാകൂട്ടങ്ങൾ, മിഷനറി യാത്ര, പരസ്യയോഗങ്ങൾ, വേദപഠന ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിൽ വളരെ ശുഷ്കാന്തി കാണിച്ചിരുന്നു.

1902 ൽ എസ്.സി.സെമിനാരി സ്കൂൾ സ്ഥാപിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും അവിടുത്തെ അദ്ധ്യാപകനമായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. മിസ്സിസ്സ്: നിക്കോൾസൺ, മിസ്.മക്കബിൻ എന്നീ മിഷനറി വനിതകളുടെ സഹകരണത്തിൽ നിക്കോൾസൺ സ്ക്കൂൾ സ്ഥാപിക്കാൻ അച്ചൻ കഠിപ്രയത്നം ചെയ്തു. 1905 ലെ മാരാമൺ കൺവൻഷൻ വേളയിൽ മാർത്തോമ്മാ സണ്ടേസ്ക്കൂൾ സമാജത്തിന് ജന്മം നൽകാനും സന്ദർശനി ആരംഭിക്കാനും കാരണഭൂതൻ മാമൻസാർ തന്നെയായിരുന്നു. തുടക്കം മുതൽ 47 വർഷം സണ്ടേസ്ക്കൂൾ സമാജം ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. ഇംഗ്ലണ്ടിലും സ്കോട്ട്ലാന്റിലും മറ്റും പര്യടനം നടത്തി വിവിധ സമ്മേളനങ്ങളിൽ സംബന്ധിക്കുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. തിരുവല്ല എസ്.സി. സെമിനാരിയിൽ അദ്ധ്യാപകനായിരിക്കുമ്പോഴാണ് സണ്ടേസ്ക്കൂൾ സമാജം സെക്രട്ടറി ആവുന്നത്. അന്ന് പട്ടക്കാരനായിരുന്നില്ല.

1921 ജനുവരി 8 ന് ശെമ്മാശ്പട്ടവും 1924 ഡിസംബർ 18 ന് കശ്ശീശപട്ടവും സ്വീകരിച്ചു. പിന്നീട് സഭയുടെ വികാരി ജനറാൾ ആയി. കറ്റാനത്തച്ചൻ എന്ന അപരനാമത്തിലാണ് അച്ചൻ അറിയപ്പെട്ടിരുന്നത്. കായംകുളം പള്ളിത്തേടത്തു മേടയിൽ അന്നമ്മയായിരുന്നു സഹധർമ്മിണി.

ഇൻഡ്യാ സണ്ടേസ്ക്കൂൾ യൂണിയൻ സെക്രട്ടറി, സഭാ കൗൺസിൽ അംഗം, ഹെഡ്മാസ്റ്റർ, എം.റ്റി. സ്ക്കൂൾ മാനേജർ, സുവിശേഷപ്രസംഗ സംഘം ജനറൽ സെക്രട്ടറി, സേവികാസംഘം ഉപദേഷ്ടാവ്, മാരാമൺ കൺവൻഷൻ പരിഭാഷകൻ എന്നീ നിലകളിൽ മാത്രമല്ല, അച്ചന്റെ വഴികാട്ടലും പ്രോത്സാഹനവും ലഭിക്കാത്ത ഒരു സംഘടനയും പ്രവർത്തനങ്ങളും മർത്തോമ്മാ സഭയിൽ അന്ന് ഉണ്ടായിരുന്നില്ല. ഏതു വിപൽ സാഹചര്യങ്ങളേയും പ്രതിസന്ധികളേയും സുധീരം നേരിടുവാനുള്ള അച്ചന്റെ കഴിവ് അപാരമായിരുന്നു. മനഃശാസ്ത്രത്തിലുള്ള അവഗാഹം അച്ചന്റെ ബോധനത്തിലും പ്രസംഗങ്ങളിലും എല്ലാം വ്യക്തമായിരുന്നു. ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തിട്ടില്ലായെങ്കിലും ഇടവകകളിൽ ഉണ്ടാകുന്ന തർക്കങ്ങളും പിണക്കങ്ങളും കേട്ട് യുക്തമായ തീരുമാനം ചെയ്യുന്നതിന് അച്ചനുണ്ടായിരുന്ന കഴിവ് അതുല്യമായിരുന്നു. സഭയുടെ എല്ലാ പ്രവർത്തന രംഗങ്ങളിലും തിരുമേനിമാരോടുകൂടെ അച്ചനും മുന്നണി പോരാളികളിൽ ഒരാളായിരുന്നു. നിസ്തുല പ്രതിഭയുടെയും നർമ്മബോധത്തിന്റെയും നയചാതുര്യത്തിന്റെയും അടിയുറച്ച് ദൈവഭക്തിയുടെയും ത്യാഗപൂർണ്ണമായ സഭാസ്നേഹത്തിന്റെയും മകുടമായിരുന്ന മാമനച്ചൻ ഏതാണ്ട് അരനൂറ്റാണ്ടുകാലം സഭയിലും സമൂഹത്തിലും തിളങ്ങിനിന്നു. വിശ്രമ രഹിതമായ സേവനങ്ങൾക്കു ശേഷം 1952 മാർച്ച് 9–ാം തീയതി അച്ചൻ നിത്യതയിൽ പ്രവേശിച്ചു. അച്ചന് ആറ് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്.

# അനാഥരുടെ സംരക്ഷകനായ സാധുകൊച്ചുകുഞ്ഞ് ഉപദേശി

കലയപുരം മോനച്ചൻ

അനാഥരേയുംവിധവകളേയും പരദേശികളേയും പരിരക്ഷിക്കുക എന്നത് ജീവിത ധർമ്മാനുഷ്ഠമായി കണ്ടിരുന്ന സാധുകൊച്ചുകുഞ്ഞ് ഉപദേശിയുടെ 72–ാം ചരമ വാർഷിക ദിനമാണ് നവംബർ 30.മധ്യതിരുവിതാംകൂറിലെ അനേകം ബാലികാബാലൻമാരെ അനാഥാലയങ്ങളിലൂടെ പോറ്റിപുലർത്തിയാണ് അനാഥസംരക്ഷത്തിന് തുടക്കമിട്ടത്.തുടക്കം സ്വന്തം വീട്ടിൽ തന്നെയായിരുന്നു.സ്ഥലം അവിടെതികയാതെ വന്നപ്പോൾ മറ്റ് പല സ്ഥലങ്ങളിലും താമസക്രമീകരണം നടത്തി.ഇടയാറന്മുള,കീഴ് വായ്പൂർ,കുറിയന്നൂർ,കലയപുരം, മാർത്താണ്ഡം എന്നിവിടങ്ങളിലും അനാഥാലയങ്ങൾ സ്ഥാപിച്ചു.അനാഥശാലയും ആശ്രമവും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.



മധ്യതിരുവിതാംകൂറിലെ പമ്പാനദിയുടെ തീരത്ത് ചെങ്ങന്നൂരിന് അടുത്തുള്ള ഇടയാറന്മുള ഗ്രാമത്തിൽ ഇട്ടിയുടേയുംമറിയാമ്മയുടേയും ഏഴാമത്തെ പുത്രനായി 1883 ഡിസബറിൽ മൂത്താമ്പക്കൽ കുടുംബത്തിലാണ് ജനനം.6 സഹോദരിമാരുടെ ഏക സഹോദരൻ ആയിരുന്നതുകൊണ്ട് എല്ലാവരുടേയും വാത്സല്യഭാജനമായിരുന്നു.യഥാർത്ഥപേര് എം.ഐ വർഗ്ഗീസ് എന്നായിരുന്നു.പ്രാഥമിക വിദ്യാഭ്യാസം കുന്നുംപുറത്ത് എം.ടി എൽ പി സ്കൂളിലായിരുന്നു.പമ്പാനദിക്ക് അക്കരെയുള്ള പുവത്തൂരിൽ രണ്ട് ക്ലാസ് മാത്രമുള്ള ഇംഗ്ലീഷ് സ്കൂളിലും അദ്ദേഹം പഠിച്ചിരുന്നു.രണ്ട് വർഷത്തിനുള്ളിൽ സ്കൂൾ നിലച്ച് പോയതിനാൽ വിദ്യാഭ്യാസം ഔപചാരികമായി അവസാനിപ്പിക്കേണ്ടി വന്നു.

ശൈശവ വിവാഹം നിലനിന്നിരുന്ന അക്കാലത്ത് കൊച്ചുകുഞ്ഞ് 12 മത്തെ വയസിൽ കുറിയന്നൂർ വട്ടപ്പന തോമസിന്റെ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു.15 മത്തെ വയസ്സിൽ മാതാവ് മരിച്ചതും പിതാവ് കൂടുതൽ ക്ഷീണിതനാകുകയും ചെയ്തതു മൂലം കുടുംബഭാരം കൊച്ചുകുഞ്ഞ് ഏറ്റെടുക്കേണ്ടി വന്നു.കൃഷിയായിരുന്നു പ്രധാന ജോലി.മൂത്താമ്പക്കൽ കുടുംബത്തിനെ സാമ്പത്തിക ക്ലേശം വല്ലാതെ അലട്ടിയിരുന്നു.പഠിക്കാനുള്ള തൃഷ്ണ കെട്ടടങ്ങിയിട്ടില്ലാത്ത കൊച്ചുകുഞ്ഞ് കൃഷിപ്പണിക്കിടയിൽ കിട്ടുന്ന വിശ്രമവേളകളിൽ വൃക്ഷത്തണലിൽ ഇരുന്ന് പുസ്തകം വായിക്കുമായിരുന്നു.17 വയസ് പ്രായമായപ്പോൾ കൊച്ചുകുഞ്ഞ് സുവിശേഷ

പ്രവർത്തനത്തിനു വേണ്ടി സ്വയം സമർപ്പിതനായി.20മത്തെ വയസ്സിൽ പിതാവും മരണമടഞ്ഞു.

കൃഷികൊണ്ട് മാത്രം ജീവിക്കാൻകഴിയാതിരുന്ന കൊച്ചുകുഞ്ഞ് ജൗളിക്കച്ചവടം ആരംഭിച്ചു. ദയാർദ്രമനസായിരുന്ന അദ്ദേഹത്തിന് ആ രംഗത്ത് കുറെ കടം മാത്രമാണ് ശേഷിച്ചത്.അധ്യാപകനായി സ്കൂളിൽ പോയെങ്കിലും അതും അധികം മുന്നോട്ട് പോയില്ല.പകൽ മുഴുവൻ എല്ലുമുറിയെ പണിയെടുത്തിരുന്ന അദ്ദേഹം വൈകിട്ട് റാന്തൽ വിളക്കുമായി സുവിശേഷത്തിന് ഇറങ്ങുമായിരുന്നു.

വ്യക്തമായ ദർശനവും ലക്ഷ്യവുമുണ്ടായിരുന്ന കൊച്ചുകുഞ്ഞിന്റെ ജീവിതം കടുത്ത സംഘർഷങ്ങളുടേയുടെയും പരിശോധനകളുടെയും തീച്ചുളയിലായിരുന്നു.കുടുംബത്തിന്റെ ഭാരവും അധ്വാനത്തിന്റെ ക്ഷീണവുംഒരു വശത്ത്, സുവിശേഷഘോഷണത്തിനുവേണ്ടിയുള്ള വെമ്പലും വേദനയും മറുവശത്ത്.ദാരിദ്രം വീട്ടിൽ തേർവാഴ്ച നടത്തി.വെളിച്ചമധികം കടന്ന് ചെല്ലാത്ത നിലവറയിലായിരുന്നു താമസം.ഭാര്യയും മക്കളും അവരുടെ വീട്ടിലേക്ക് മടങ്ങി.സഹായത്തിന് ആരുമില്ല.നാട്ടുകാരും വീട്ടുകാരും പരിഹാസശരങ്ങൾ നടത്തി.രണ്ടാമത്തെ മകൻ ശമുവേൽകുട്ടി മരിച്ചത് അദ്ദേഹത്തിന് വലിയ ആഘാതമായിരുന്നു.

ജീവിതസുഖങ്ങളോടു സാധുകൊച്ചുകുഞ്ഞിനുണ്ടായ വിരക്തി,ഭക്തി ജീവിതത്തോടുള്ള ആസക്തിയിൽ നിന്നും ഉടലെടുത്തതാണ്.ഭക്ഷണകാര്യത്തിൽ പാലിച്ചിരുന്ന നിയന്ത്രണം അതികഠിനമായിരുന്നു.പകൽസമയത്ത് വെള്ളം പോലും കുടിക്കാതെ പൂർണമായി ഭക്ഷണം വർജ്ജിച്ചിരുന്നു.ഒരു മാസം 19 നേരം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളു.അതും ഒന്നോ രണ്ടോ പിടി ചോറ് മാത്രം.അതും രാത്രി 10 മണിക്ക് ശേഷം മാത്രം.മത്സ്യമാംസാദികൾ കഴിക്കാറില്ല.വ്യാഴം മുതൽ ഞായർ വരെ അകെ രണ്ട് നേരമേ ഭക്ഷണം കഴിക്കാറുള്ളൂ.ആ ദിവസങ്ങളിൽ 20 പ്രസംഗങ്ങൾ വരെ ചെയ്തിരിക്കും.പ്രസംഗവേദികൾ ആത്മീയ ഉണർവ്വിന്റെ പ്രഭാവലയം കൊണ്ട് അനുഗ്രഹീതമായിരുന്നു.സാധുവിന്റെ പ്രസംഗസ്ഥലത്തേക്ക് ആയിരങ്ങളാണ് പ്രസംഗം കേൾക്കാൻ എത്തിച്ചേരുന്നത്. അദ്ദേഹം രചിച്ച ഗാനങ്ങൾ അന്നും ഇന്നും ആത്മീയ ഉണർവ്വ് നൽകുന്ന ഗാനങ്ങളായിരുന്നു. ഈ ജീവിതനിഷ്ഠ മുപ്പത് വർഷത്തോളം പാലിച്ചു.വെള്ളമുണ്ടും,വെള്ള ഷർട്ടും വെള്ള നേര്യതും മാത്രമേ സാധു ധരിക്കാറുള്ളൂ.തികച്ചും ലളിതമായ ആ ജീവിതം സാധുവിന്റെ നാമം അക്ഷരാർഥത്തിൽ അന്വർഥമാക്കുന്നു.മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സഭയുടെ എല്ലാ ഇടവകകളിലും സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുന്നതിന് കൊ.വ 1091 മാണ്ട് കന്നിമാസം 20-ാം തീയതി 17-ാം നമ്പർ കല്പനയിലൂടെ സാധു കൊച്ചുകുഞ്ഞിന് അനുമതി നൽകിയിട്ടുണ്ട്.ആത്മിയതയിൽ മുഴുകിയ സാധു ഭൗതിക യാഥാർത്ഥ്യങ്ങളെ വിസ്മരിച്ചിരുന്നുല്ല.ദ്രവ്യാഗ്രഹത്തിനുംചൂഷണത്തിനും അനീതിക്കമെതിരെ സ്ത്രീധനത്യാഗം,ലേലച്ചിട്ടിദോഷം,വ്യാപാരധർമ്മം എന്നീ 3 കൃതികളും രചിച്ചിട്ടുണ്ട്.

സാധുക്കളോടുള്ള സഹാനുഭൂതി കൊണ്ട് സാധുവിന്റെ ഹ്യദയം സമ്പന്നമായിരുരുന്നു.തന്റെ നാട്ടിൽ ആരും പട്ടിണി കിടക്കരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.പട്ടിണിക്കാർക്ക് അരിയും സാധനങ്ങളും കൊണ്ടെത്തിച്ചിരുന്നു.പുരമേയുന്നതിന് ബുദ്ധിമുട്ടുള്ളവർക്കും പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിന് വിഷമിക്കുന്നവർക്കും സഹായം ചെയ്തിരുന്നു.തെക്കൻ തിരുവിതാംകൂറിൽ കോളറ പടർന്ന്പടർന്നുപിടിച്ച ഘട്ടത്തിൽ ഓരോ വീട്ടിലും മൂന്നും നാലും പേർ മരണമടഞ്ഞു.ഇതറിഞ്ഞ് സാധുവും സഹപ്രവർത്തകരും രോഗികളുടെ ഭവനത്തിലെത്തി അവരെ പരിചരിക്കുകയും മൃതദേഹങ്ങൾ മറവ് ചെയ്യാൻ സഹായിക്കുകയും ചെയ്തു.കൂടാതെ അനാഥകുഞ്ഞുങ്ങൾക്ക് വേണ്ടി 1922 ൽ മാർത്താണ്ഡത്ത് ഒരനാഥശാലയും സ്ഥാപിച്ചു.കൂടാതെ ഇടയാറന്മുള,കലയപുരംസീയോൻകുന്ന്,ഉതിമൂട്,നെല്ലിക്കൺ, അയിരൂർ,വെണ്ണിക്കുളം,തിരുനെൽവേലി, മാർത്താണ്ഡം,വെണ്മണി,കുഴിക്കാല,ഉമയാറ്റുകര തുടങ്ങിയ സ്ഥലങ്ങളിൽ ആശ്രമങ്ങളും സ്ഥാപിച്ചു.ഇടയാറന്മുള മാർത്തോമ്മ ഹൈസ്ക്കൂൾ സ്ഥാപനത്തിനും മുഖ്യപങ്ക് വഹിച്ചതും സാധു കൊച്ചുകുഞ്ഞായിരുന്നു.ഇടവകയുടെ നിർബന്ധത്തിന് വഴങ്ങി സ്ക്കൂളിന്റെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്.

അസ്വാസ്ഥ്യങ്ങൾ അദ്ദേഹത്തെ അലട്ടികൊണ്ടിരുന്നപ്പോഴും തന്റെ വ്രതങ്ങളിൽ നിന്ന് വ്യതിചെലിക്കുവാൻ സാധു തയ്യാറായില്ല.മരണം തനിക്ക് ആസന്നമായെന്നും തന്റെ അന്ത്യാഭിലാഷങ്ങൾ പ്രിയ ശിഷ്യനോട് പറഞ്ഞ് 1945 നവംബർ 30 വെള്ളിയാഴ്ച രാവിലെ 8.45ന് ഈ ലോകത്തോട് യാത്ര പറഞ്ഞു.ഇടയാറന്മുള ളാക സെന്തോമസ് മാർത്തോമ്മ പള്ളി സെമിത്തേരിയിൽ സാധുവിന്റെ മൃതദേഹം സംസ്കരിച്ചു.രണ്ട് മെത്രാൻമാരും നൂറിലധികം വൈദികരും നാല്പതിനായിരത്തോളം ജനങ്ങളും അദ്ദേഹത്തിന്റെ സംസ്കാരചടങ്ങിൽ സംബന്ധിച്ചു.

**ജീ**വിതത്തിൽ പുതുക്കം വേണമെന്ന് മനപ്പൂർവ്വം ആഗ്രഹിക്കുന്നവർ വളരെ കുറഞ്ഞുവരുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. കാരണം മാധ്യമ-കമ്പോള കേന്ദ്രിതമായ ഒരു സമൂഹത്തിൽ എല്ലാ ജീവിത വ്യവഹാരങ്ങളും (discourses) ഒരോ ചടങ്ങ് (formal) മാത്രമാണ്. ദൈവസ്വഭാവം വിട്ടൊഴിയുകയും കൂടുതൽ സ്വാർത്ഥപരവും ലാഭപരവുമായ ഇടപാടുകളിൽ അബോധപരമായി (unconscious) ചേർന്നു നടക്കുകയും ചെയ്യുന്ന രീതി ഉപഭോഗ സമൂഹത്തിന്റെ പ്രധാന സ്വഭാവമാണ്.

ഇന്ന് വചനകേൾവിയും കൺവൻഷനുകളും വെറും ചടങ്ങായി തീരുന്നു. അതുകൊണ്ടാണ് പള്ളിയുടെ ഉള്ളിലെ ശബ്ദക്രമീകരണത്തെക്കാൾ ഉപരി പുറത്തെ ബോക്സുകൾക്ക് എണ്ണം കൂട്ടുകയും ബാനറുകളും ഫ്ളക്സുകളും പ്രസംഗകന്റെ കട്ടൗട്ടുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നത്. കൺവൻഷനുകളുടെ പേര് തന്നെ മാറ്റി ഫെസ്റ്റുകളും കൃപാമാരികളും ബ്ലസ്സുകളും ഫീസ്റ്റുകളും ഒക്കെയായി മാറിക്കൊണ്ടിരിക്കുന്നു. സംഘാടകർക്ക് ഒരു പരിവർത്തനം പ്രതീക്ഷിക്കുന്നില്ലയെന്ന സൂചനയാണ് ഇതൊക്കെ. മറിച്ച് പ്രസ്ഥാനത്തിന്റെയും സംഘാടകരുടെയും പ്രസംഗകന്റെയും പരസ്യമാണ് ഇവയുടെ ലക്ഷ്യം എന്ന് തോന്നിപ്പോകും. ഇന്ന് കൂൺ പോലെ പെരുകുന്ന കൺവൻഷനുകൾ മിക്കതും സമൂഹത്തെ പുരുഷാരമാക്കാനും വ്യക്തികേന്ദ്രിതമാക്കാനും ആഗ്രഹ നിവൃത്തിയ്ക്കായി ദൈവത്തെ ലക്ഷ്യം വെയ്ക്കുന്നതും കാണാം. പ്രധാനമായ നാലു പൊതു സ്വഭാവങ്ങൾ ഇന്നത്തെ കൺവൻഷനുകളിൽ കാണാം.

**വിപണിയുടെ ദൈവം**

ദൈവത്തെ സകലവും നൽകുന്ന ഒരാളായി സങ്കല്പിക്കുന്നു. ദൈവത്തെ ഒരു വലിയ ഷോപ്പിംഗ് മാളായി അബോധപരമായി കരുതുന്ന ഒരു കാഴ്ചപ്പാട് അവതരിപ്പിക്കപ്പെടുന്ന കൺവൻഷനുകൾ ഇന്നുണ്ട്. അതിനുള്ള

**ബൈജു ജോയി**
**മണക്കാല**

# പുതിയകാലത്തെ കൺവൻഷനുകൾ



ഒരു പ്രധാന കാരണം പ്രസംഗകരുടെ മുമ്പിലിരിക്കുന്ന ശ്രോതാക്കൾ മാധ്യമങ്ങളിലൂടെയും മറ്റ് വിപണി ബന്ധങ്ങളിലൂടെയും നിർമ്മിക്കപ്പെട്ടവരാണ്. അവരുടെ സ്വാഭാവിക ചിന്താരീതിയിൽ പെട്ടെന്ന് സ്വീകാര്യത ലഭിക്കുന്ന ഒരു യുക്തിയാണ് വിപണിയുടെ ദൈവം.

വൈകാരികതയിലൂന്നിയ ഇത്തരം വചന പ്രഘോഷണങ്ങൾ ആരോഗ്യവത്തായ ഒരു സമൂഹ സൃഷ്ടിയ്ക്ക് സഹായിക്കുന്നില്ല. മറിച്ച് അസംതൃപ്തിയിലേക്കും അത്മനിന്ദയിലേക്കുമാണ് നയിക്കുന്നത്. ദൈവം നൽകിയ നന്മയെ കാണാനും അതിൽ വായ് വെക്കലുമൊന്നും ഇത്തരം വചന പ്രഘോഷണ ചട്ടക്കൂട്ടിൽ കടന്നു വരില്ല.

**വ്യാജ നിത്യത**

പ്രിയന്റെ വരവിൽ പ്രാക്കളെപോലെ നമ്മൾ പറന്നു പോകേണ്ടവരാണെന്നും ദൈവത്തിന്റെ ലോകത്തോടും സമസൃഷ്ടികളോടും ആഴമായ ഉത്തരവാദിത്തമില്ലെന്നും അറിയാതെ പറഞ്ഞുവെയ്ക്കുന്ന പ്രസംഗങ്ങളുണ്ട്. അവർ ഈ ലോകം പാപമാണെന്നും തങ്ങൾ ഇവിടുത്തുകാരല്ലെന്നും പഠിപ്പിച്ച് അയൽ ബന്ധങ്ങളിലും മതബഹുലതയുടെ മദ്ധ്യത്തിലും സംശയാലുക്കളെയാണ് സൃഷ്ടിക്കുന്നത്. അപരന്റെ വേദനയിൽ ഇടപെടാനുള്ള നിതാന്ത ജാഗ്രതയെ വേരോടെ നുള്ളുകയാണിവർ.

**വ്യക്തിവാദം**

വ്യക്തിവാദം (Individualision) അടിത്തറയായി പ്രവർത്തിക്കുന്ന വചനഘോഷണത്തിന് ഇന്ന് വളരെ മാർക്കറ്റുണ്ട്. നമുക്ക് വിജയിക്കണമെന്നതിനെക്കാൾ എനിക്ക് വിജയിക്കണമെന്നും നമ്മൾ വിശുദ്ധരാണെന്നും മറ്റുള്ളവരെല്ലാം അശുദ്ധരും പാപികളുമാണെന്നും ചിന്തിക്കുന്ന പ്രസംഗകരും പ്രസംഗശൈലിയും വളരെ ഇടുങ്ങിയതാണ് (exclusive). അപരനെ ഉൾകൊള്ളാനും കൈപിടിച്ച് ഒന്നിച്ച് മുൻപോട്ട് പോകുന്നതാണ് ദൈവരാജ്യത്തിന്റെ ശൈലി.

**4. ബന്ധങ്ങളുടെ നിരാകരണം**

സാമൂഹ്യ ബന്ധങ്ങളിലാണ് മനുഷ്യ ആളത്തം രൂപപ്പെടുന്നത്. സാമൂഹ്യ ബന്ധത്തിൽ നീതിയും സമാധാനവും സഹിഷ്ണതയും നഷ്ടപ്പെടുന്ന തരത്തിലേക്ക് സമൂഹം മാറിയിരിക്കുന്നു. ഇത്തരമൊരു മാറ്റത്തിന്റെ വിമർശനാത്മകമായി സമീപിക്കുകയും ദൈവരാജ്യ കേന്ദ്രിതമായ തരത്തിൽ സമൂഹ സൃഷ്ടി നടത്താൻ ദൈവത്തോടൊപ്പം പങ്കാളികളായി തീരാനുള്ള അവബോധം പകരുന്നതാകണം കൺവൻഷനുകൾ.

നിരവധി വ്യവഹാരങ്ങളിലൂടെ നിർമ്മിക്കപ്പെട്ട ശ്രോതാവിന്റെ കർത്തൃത്വത്തെ (Subjections) വീണ്ടും പുനർനിർമ്മിക്കാനുള്ള പരിശ്രമമാണ് ഒരോ പ്രഭാഷണത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത്. കാലത്തിന്റെ വെല്ലുവിളികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇന്നിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് വചനത്തിന്റെ പുനർവിചിന്തനവും വ്യാഖ്യാനവും അനിവാര്യമാണ്. സമഗ്രമായ പരിവർത്തനത്തിന് കനൽ പകരുന്ന ഇടമായി നമ്മുടെ കൺവൻഷനുകളും വചനകേൾവിയും ഇടയാകട്ടെ.

## വാർത്തകൾ

### കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### വിജയവഴി

എല്ലാ 2–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

### ഭദ്രാസന കൺവൻഷൻ

**2018 ജനുവരി 3 മുതൽ 7 വരെ**
**കൺവൻഷൻ നഗർ അടൂർ**

### സീയോൻകുന്ന് കൺവൻഷൻ

**2018 ജനുവരി 10 മുതൽ 14 വരെ**

### ഇടത്തറ കൺവൻഷൻ

**2018 ജനുവരി 17 മുതൽ 21 വരെ**

### കല്ലട കൺവൻഷൻ

**2018 ജനുവരി 16 മുതൽ 21 വരെ**

Kids Corner



ഷിൻസി തോമസ്
ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്,
തേവലക്കര

# വിശ്വസിക്കുന്നവന് സകലവും കഴിയും

ജീവകാരുണ്യത്തിന്റെയും, സാഹസികതയുടെയും മഹത്തായ ചരിത്രം രചിച്ച ടെറൻസ് സ്റ്റാൻലി ഫോക്സ് എന്ന ടെറി ഫോക്സിന്റെ ജീവിതകഥ ഏവർക്കും പ്രചോദനം നൽകുന്നതാണ്. കാനഡയിലെ വിന്നിപെഗ് നഗരത്തിൽ 1958 ജൂലൈ 28-ന് റോളി ഫോക്സിന്റെയും, ബെറ്റിയുടെയും 2-മത്തെ മകനായി ടെറി ജനിച്ചു. ഒരു മികച്ച കായിക താരമാകണമെന്നായിരുന്നു ചെറുപ്പം മുതലേ അവന്റെ ആഗ്രഹം. തീവ്രപരിശീലനത്തിലൂടെ സ്വന്തം രാജ്യത്തെ ഏറ്റവും മികച്ച ബാസ്കറ്റ് ബോൾ കളിക്കാരിലൊരാളായി മാറി. നിരവധി പുരസ്ക്കാരങ്ങൾ നേടിയ ടെറിയുടെ അടുത്ത ലക്ഷ്യം 1980 -ലെ മോസ്കോ ഒളിംബിക്സിൽ പങ്കെടുത്ത് ഒളിംബിക് മെഡൽ നേടുക എന്നതായിരുന്നു. 1977-ന്റെ തുടക്കത്തിൽ വലതു കാൽമുട്ടിനു ചെറിയൊരു വേദന അനുഭവപ്പെട്ടു. ആദ്യം അവൻ അതത്ര കാര്യമാക്കിയില്ല. എന്നാൽ വേദനയുടെ കാഠിന്യം അസഹ്യമായപ്പോൾ ടെറി ആശുപത്രിയെ അഭയം പ്രാപിച്ചു. ടെറിയുടെ വലതുകാലിന്റെ മുട്ടിനു താഴെയുള്ള എല്ല് കാൻസർ ബാധയാൽ പൂർണ്ണമായും നശിച്ചു കഴിഞ്ഞുവെന്നും എത്രയും പെട്ടന്ന് മുട്ടിന് മുകളിൽ വെച്ച് കാൽ മുറിച്ചു കളഞ്ഞില്ലെങ്കിൽ ജീവൻ തന്നെ അപകടത്തിലാക്കുമെന്നും ഡോക്ടന്മാർ വിധിയെഴുതി. 1977 മാർച്ച് 9-ന് ടെറി ഫോക്സിന്റെ വലതുകാൽ മുട്ടിനു മുകളിൽ വച്ചു മുറിച്ചുമാറ്റി. കാൻസറിന്റെ പിടിയിലമർന്ന് കഷ്ടപ്പെടുന്നവർക്ക് ആശ്വാസം ലഭിക്കുന്ന എന്തെങ്കിലും ചെയ്യണം എന്ന ദൃഢനിശ്ചയത്തോടെയാണ് ടെറി ഹോസ്പിറ്റൽ വിട്ടത്. കാൻസർ ഗവേഷണത്തിനും, ചികിത്സയ്ക്കും ഉതകുന്ന അത്യാധുനിക സൗകര്യമുള്ള ഒരു സ്ഥാപനം ആരംഭിക്കുവാൻ ടെറി തീരുമാനിച്ചു. അതിനുവേണ്ടി ടെറി കണ്ടെത്തിയ മാർഗ്ഗം കാനഡയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ മാരത്തോൺ നടത്തി സംഭാവനകൾ സ്വരൂപിക്കുക എന്നതായിരുന്നു. 1980 ഏപ്രിൽ 12 ന് അറ്റ്ലാന്റിക് സമുദ്രത്തിൽ തന്റെ കൃത്രിമകാൽ മുക്കിയെടുത്തുകൊണ്ട് കാനഡയുടെ കിഴക്കേയറ്റത്തുള്ള ന്യൂഫൗണ്ട്ലാന്റിലെ സെന്റ് ജോൺസ് നഗരത്തിൽ നിന്നു ടെറി പ്രതീക്ഷയുടെ മാരത്തോൺ (Marathon of Hope) ആരംഭിച്ചു. 1980 സെപ്റ്റംബർ 1 വരെ ടെറി ഓട്ടം തുടർന്നു. ഇതിനിടെ കാൻസർ ടെറിയുടെ ശ്വാസകോശത്തിലേക്കും വ്യാപിച്ചു. പത്തുമാസത്തോളം ആശുപത്രിയിൽ വീണ്ടും അവന് പോരാടേണ്ടിവന്നു. 1981 ജൂൺ 28ന്, 23 വയസ്സ് തികയുന്നതിന് ഒരുമാസം മുൻപ് ടെറി മരണത്തിനു കീഴടങ്ങി. അപ്പോഴേക്കും 144 ദിവസങ്ങൾ കൊണ്ട് 5372 കി.മീ അവൻ പിന്നിട്ടു കഴിഞ്ഞിരുന്നു. ആകെയുള്ള ദൂരത്തിന്റെ മൂന്നിൽ രണ്ടുഭാഗം. കാൻസർ ഫണ്ടിലേക്ക് സംഭാവനയായി ലഭിച്ചത് 240 ഡോളർ. ടെരി ലക്ഷ്യമിട്ടിരുന്നത് വെറും 10 ലക്ഷം ഡോളർ. ടെറി ഫോക്സ് ഫൗണ്ടേഷൻ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളും ഗവേഷണസ്ഥാപനങ്ങളും വർഷം തോറും ആയിരക്കണക്കിന് മനുഷ്യരെ കാൻസർ രോഗത്തിന്റെ പിടിയിൽ നിന്നും മോചിതരാകുന്നു. മനക്കരുത്തും, ആത്മവിശ്വാസവും, ദൈവവിശ്വാസവുമുണ്ടെങ്കിൽ ഇച്ഛിക്കുന്നതെന്തും നേടാനാവും എന്നാണ് ടെറിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്.

"Faith is the Starting point of Sucess". "വിശ്വാസമാണ് വിജയത്തിന്റെ ആരംഭം". സ്വർഗ്ഗീയ അനുഭവങ്ങളെ ചിത്രീകരിക്കുന്ന ആത്മാവിന്റെ പെൻസിലാണ് വിശ്വാസം.

H.W Long falo-യുടെ പ്രസിദ്ധമായ കവിതയാണ് "A Psalm of Life". "ശുഭാപ്തി വിശ്വാസമുണ്ടെങ്കിൽ മനുഷ്യജീവിതം കർമനിരതമാക്കുവാൻ കഴിയും" എന്ന ആശയമാണ് വിശ്വാസത്തിന്റെ വിളഭൂമിയിൽ നല്ല വിത്ത് വിതച്ച് മാതൃകയുള്ളവരായി തീരുവാൻ നമുക്ക് കഴിയണം.

Youth Corner



ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
സെന്റ് മാത്യൂസ് മാർത്തോമ്മാ
ചർച്ച്, ചൂരക്കോട്



# കൗമാരക്കാരുടെ പെരുമാറ്റ പ്രത്യേകതകൾ

സ്വന്തം ഐഡന്റിറ്റി അഥവാ വ്യക്തിത്വത്തെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നത് ഈ കാലഘട്ടത്തിലാണ്. യൗവ്വനാരംഭത്തിൽ ആൺകുട്ടികൾ പുകവലിയിലേക്കും മദ്യപാനത്തിലേക്കും മീശവളർത്തുന്നതിലേക്കും ആകൃഷ്ടരാകുന്നത് പുരുഷന്റേതായ ഐഡന്റിറ്റി ഉറപ്പാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. പെൺകുട്ടികളെ സംബന്ധിച്ചാണെങ്കിൽ അണിഞ്ഞൊരുങ്ങലും ആകർഷകമായ വസ്ത്രധാരണവും വശ്യതയാർന്ന പെരുമാറ്റവും എല്ലാം തന്നെ തങ്ങളുടെ സ്ത്രീത്വത്തെ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമാണ്.

സ്വന്തം ഐഡന്റിറ്റി കണ്ടെത്തുവാനോ ഉറപ്പിക്കുവാനോ കഴിയാത്ത കുമാരി-കുമാരന്മാർക്ക് വിദ്വേഷവും നിരാശയും ഉണ്ടാകും. ഈ പരാജയത്തിന്റെ ഒരു പതിപ്പാണ് പ്രതിഷേധം അഥവാ എതിർപ്പ്. അതിന്റെ ബാഹ്യപ്രകടനമായിട്ടാണ് എതിർ സംസ്ക്കാരങ്ങളിലും വ്യവസ്ഥാപിത മൂല്യങ്ങളെ എതിർക്കുന്ന സംസ്ക്കാരങ്ങളിലും അവർ അംഗങ്ങളാകുന്നത്. പ്രതിഷേധത്തിലൂടെ നിഷേധികളായി തീരുന്ന കൗമാരക്കാർ തങ്ങളുടെ ഐഡന്റിറ്റി ഇല്ലാതാക്കുന്ന ചുറ്റുപാടുകളോടു നിഷേധത്തിലൂടെ പ്രതികരിക്കുന്നു. ഈ വിദ്വേഷം ചുരുക്കം ചില സന്ദർഭങ്ങളിൽ തന്നിലേക്ക് തന്നെ ആരോപിക്കപ്പെടുമ്പോൾ ആത്മഹത്യയിലേക്ക് ആത് എത്തിച്ചേരാറുണ്ട്.

സ്വന്തമായ വ്യക്തിത്വത്തിന് രൂപം നൽകാനുള്ള തീവ്രാഭിലാഷം കൗമാരത്തിന്റെ മൗലിക ഭാവമാണ്. മുതിർന്നവരുടെ ധാരണകളിൽ നിന്നും പരിമിതികളിൽ നിന്നും അവർ നിർമ്മിക്കുന്ന ചട്ടക്കൂട്ടിൽ നിന്നും പുറത്തുചാടി തന്റെ കാലിൽ നിന്ന് സ്വാതന്ത്ര്യവും അതിൽ അതുല്യമായ വ്യക്തിത്വം വാർത്തെടുക്കുവാൻ ഓരോ കുമാരി-കുമാരന്മാരും ആഗ്രഹിക്കുന്നുണ്ട്. അവരെ വരച്ചവരയിൽ നിർത്താനും തങ്ങൾ നടന്ന വഴിയെ നടത്താനും മുതിർന്നവർ ശ്രമിക്കുമ്പോഴാണ് സംഘർഷങ്ങൾ ഉണ്ടാകുന്നത്.

എല്ലാം ചോദ്യം ചെയ്തുകൊണ്ട് സകലതിന്റേയും അർത്ഥവും കാരണവും അന്വേഷിക്കുന്ന കുമാരി-കുമാരന്മാർ ഇതിനായി സമപ്രായക്കാരെയും നിലവിലുള്ള വ്യവസ്ഥയുടെ വിമർശകരേയുമാണ് കൂട്ടുപിടിക്കുന്നത്. ഈ സംഘം ചേരൽ വ്യക്തിബന്ധത്തിലൂടെ വളരുക മാത്രമല്ല തങ്ങളുടെ വ്യക്തിത്വ രൂപീകരണത്തിന് മുതൽകൂട്ടായി തീരുന്നു.

കൗമാരത്തിലുണ്ടാകുന്ന സംഘർഷങ്ങളെ വളർച്ചയുടെ വെല്ലുവിളിയായി സ്വീകരിക്കണം അതിനെ നേരിട്ടുതന്നെ മുന്നേറണം. സ്വന്തം തനിമ കണ്ടെത്തി അതിനെ മെച്ചപ്പെടുത്തി കൂടുതൽ തിളക്കമുള്ളതായി തീർക്കുക. അതിന് ഉത്തേജനം നൽകാൻ ഗുരു സാദൃശ്യരായ പല വ്യക്തിത്വങ്ങളും നമ്മുടെ സമൂഹത്തിലുണ്ട്. അവശ്യമെങ്കിൽ അവരുടെ സഹായവും തേടാം.

കവിത

# ആസന്നമാകട്ടെ...

മൊഴിയിൽ ആനീ ജോസഫ്

ഉദ്ധാരണം എന്ന വനരോദനത്താൽ,
ഉത്കണ്ഠാകുലരാമിന്നുജനതതിയെല്ലാം
ഉദ്ധാരകരാൽ ഉദ്ധരിക്കപ്പെടേണ്ടതാർ?
സർവർക്കും ജന്മവും മരണവുമൊരുപോലെ.
ഭവാൻ മുമ്പിലേവരും ഒരുപോൽ മാത്രമാം
സ്വാർത്ഥ പിശാചുകൊണ്ടുവന്നീ ഉച്ചനീചത്വങ്ങൾ,
നിർമ്മിച്ച ജന്മിയെ കുടിയാനെ ധനവാനെ–
ദരിദ്രനെ ജാതിമതഭേദത്തെ വർഗവിവേചനത്തെ.
ആണുംപെണ്ണുമെന്നു രണ്ടു വർഗ്ഗത്തെ മാത്രം
സൃഷ്ടിച്ച ഉടയവൻ കുഴങ്ങിമാനവനുച്ചനീചത്വത്താൽ
വർഗ്ഗരഹീത സിദ്ധാന്തം നടപ്പാക്കിടണം
സമത്വാധിഷ്ടിത സമുദായം കെട്ടിപ്പടുക്കണം.
വയോജന വിദ്യാഭ്യാസം പ്രാവർത്തികമാക്കണം
അനൗപചാരിക വിദ്യാഭ്യാസം പ്രവർത്തനം നടത്തണം
സമത്വമാക്കിടാൻ സമാധാനം വിളയാടാൻ
വാർത്താവിനിമയ മാർഗ്ഗങ്ങളുപയോഗിക്കണം
സ്രഷ്ടാവിന്നിച്ഛപോൽ സ്വർഗ്ഗമായ് മാറ്റണമീ സർവ്വംസഹയെ
സർവ്വരും സമമായ് സുഖമായ് സ്വസ്ഥമായ് ശാന്തമായ്,
ജനിക്കണം വളരണം മരിക്കണമൊരുപോലെ
ഉദ്ധാരണം ഉയരട്ടെ ഉച്ച നീചത്വങ്ങൾ തകരട്ടെ
ആവശ്യങ്ങളേവർക്കുമൊരുപോൽ സാധിത പ്രായമാകട്ടെ
സർവരും തൃപ്തരായ് സമൃദ്ധിയായ് വാണരുളട്ടെ
ദൈവരാജ്യമീ ഭൂവിലാസന്നമാകട്ടെ

## വി.പി. മാമനച്ചൻ മെമ്മോറിയൽ പ്രസംഗമത്സരം

**13.01.2018 ശനിയാഴ്ച രാവിലെ 10 മണി മുതൽ**
**കറ്റാനം സെന്റ് തോമസ് മാർത്തോമ്മ ഇടവകയിൽ**
മത്സര ഉദ്ഘാടനം :
**റവ. നൈനു ചാണ്ടി** (ജനറൽ സെക്രട്ടറി, മാർത്തോമ്മ സണ്ടേസ്ക്കൂൾ സമാജം)
മുഖ്യസന്ദേശം, ട്രോഫി വിതരണം:
**അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ**

**"കറ്റാനത്തച്ചൻ" എന്ന പേരിൽ സഭയിൽ പ്രസിദ്ധനും സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ ശില്പിയും മാർത്തോമ്മാ സഭയുടെ മുൻ വികാരി ജനറാളുമായിരുന്ന വി.പി. മാമ്മനച്ചന്റെ മെമ്മോറിയലായി ഒരു പ്രസംഗ മത്സരം നടത്തുന്നതിന് കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവക ചാരിറ്റബിൾ ട്രസ്റ്റ് തീരുമാനിച്ചിരിക്കുന്നു.**

**പ്രാരംഭവർഷത്തിൽ (2017) കായംകുളം സെന്ററിലുള്ള എല്ലാ ഇടവകകൾക്കും തുടർന്നുള്ള വർഷങ്ങളിൽ അടൂർ ഭദ്രാസനത്തിലുള്ള ഇടവകകൾക്കും പങ്കെടുക്കാവുന്നതാണ്.**

**സണ്ടേസ്ക്കൂൾ, ഇടവക അടിസ്ഥാനത്തിൽ, തെരഞ്ഞെടുക്കുന്ന രണ്ടുപേരുടെ ലിസ്റ്റ് പ്രായം 14–17 ഇടവക വികാരി സാക്ഷ്യപ്പെടുത്തി 05. 12. 2017 നകം ലഭിക്കത്തക്കവണ്ണം കറ്റാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി പേർക്ക് അയച്ചിരിക്കേണ്ടതാണ്.**

അഭിവന്ദ്യ അടൂർ ഭദ്രാസന അദ്ധ്യക്ഷൻ അംഗീകരിക്കുന്ന 3 അംഗ പാനൽ വിജയികളെ നിശ്ചയിക്കുന്നതാണ്.

വിജയികൾക്കുള്ള സമ്മാനം
**ഒന്നാംസമ്മാനം ലഭിക്കുന്ന മത്സരാർത്ഥിയെ അയക്കുന്ന ഇടവകയ്ക്ക്**
കറ്റാനം കാട്ടൂർ കുടുംബം സ്പോൺസർ ചെയ്യുന്ന
**വി.പി. മാമ്മനച്ചൻ മെമ്മോറിയൽ ഏവർ റോളിംഗ് ട്രോഫി**

**ഒന്നാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് അയ്യായിരം രൂപയും ഷീൽഡും**
**രണ്ടാം സ്ഥാനം ലഭിക്കുന്ന വിജയിക്ക് മൂവായിരം രൂപയും ഷീൽഡും**
**മൂന്നാംസ്ഥാനം ലഭിക്കുന്ന വിജയിക്ക് രണ്ടായിരം രൂപയും ഷീൽഡും**

*കൂടുതൽ വിവരങ്ങൾക്ക്*

റവ. ഡോ. ജോർജ്ജ് മാത്യു
പ്രസിഡന്റ്

പി.കെ. കുര്യൻ
സെക്രട്ടറി – 9447566762

## ഓണത്തിന് ഒരു നേന്ത്രക്കുല

അടൂർ ഭദ്രാസന വികസന സംഘത്തിന്റെ ആഭിമുഖ്യത്തിൽ 'ഓണത്തിന് ഒരു നേന്ത്രക്കുല' എന്ന പദ്ധതിപ്രകാരം വാഴവിത്തുകൾ വിതരണം ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ, തേവലക്കര ഇമ്മാനുവേൽ പള്ളിയിൽവെച്ച് നിർവ്വഹിച്ചു.

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**2018 ഫെബ്രുവരി 20 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2018 ഏപ്രിൽ – ജൂൺ**

### വിഷയം : മാർ ക്രിസോസ്റ്റം സ്പെഷ്യൽ പതിപ്പ്

### ജീവിതം: സാക്ഷ്യവും സാക്ഷാത്കാരവും

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**
E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# പ്രശ്നോത്തരി

**കഴിഞ്ഞ ലക്കത്തിലെ വിജയി**

**ഡോ. ലയ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്**

1. കുഞ്ഞുമോൾ മാത്യു, കുളക്കട എം.റ്റി.സി.
2. ആശിഷ് എസ്. ജോർജ്ജ്, കലയപുരം എം.റ്റി.സി.
3. ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം
4. ലിസി ജോൺ, കറ്റാനം സെന്റ് തോമസ്
5. അന്നമ്മ മാത്യു, സെന്റ് പോൾസ് എം.റ്റി.സി. പൂങ്കുളഞ്ഞി
6. എൽസി ബാബു, കൊല്ലക സെന്റ് തോമസ്
7. ജസ്റ്റീനാ ജോൺ, സെന്റ് പോൾസ് എം.റ്റി.സി. പൂങ്കുളഞ്ഞി
8. ഷീബാ തോമസ്, തേവലക്കര ഇമ്മാനുവേൽ
9. ഷിൻസി തോമസ്
10. അലീന ജോൺ, കോഴിക്കോട് ഇമ്മാനുവേൽ
11. സ്റ്റാൻലി ശാമുവേൽ, താമരക്കുളം സെന്റ് തോമസ്
12. കെ.എം. ഏബ്രഹാം, കൊറ്റംമ്പള്ളി ബഥേൽ
13. മേരി മാത്യു, മണ്ണടി എം.റ്റി.സി.
14. സുമ ജോൺ, കോഴിക്കോട് സെന്റ് തോമസ്
15. സോളി തോമസ്, കറ്റാനം സെന്റ് തോമസ്
16. ഏലിയാമ്മ ജേക്കബ്, വാത്തികുളം ബഥേൽ
17. റീനാ ബിജു, കണ്ണങ്കോട് എം.റ്റി.സി.
18. അച്ചാമ്മ ജോൺ, വെട്ടിയാർ സെന്റ് തോമസ്
19. അന്നമ്മ കോശി, കൊടുമൺ സെഹിയോൻ
20. ശോഭ റെജി, കൊറ്റനല്ലൂർ ശാലേം
21. ലാലി ജെയിംസ്, തേവലക്കര ഇമ്മാനുവേൽ
22. അഷിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട എം.റ്റി.സി.
23. ജെമി ഷിജു, കണ്ണങ്കോട് എം.റ്റി.സിട
24. മിനി മാത്യു, കുളക്കട എം.റ്റി.സി.
25. ലിസി യേശുദാസ്, കാപ്പിൽ സെന്റ് തോമസ്
26. ഓമന ഏബ്രഹാം, കുറത്തികാട് സെന്റ് തോമസ്
27. ലീജാ സന്തോഷ്, ചുനക്കര എം.റ്റി.സി.
28. പ്രിയ ഷിബു സ്റ്റാർലാന്റ്, കൂടൽ ബഥേൽ
29. ഡിയ ഗ്രേസ് ഷിബു, കൂടൽ ബഥേൽ
30. ഡോണ മെറിൻ ഷിബു, കൂടൽ ബഥേൽ
31. സൂസി ബിനോയ്, വെസ്റ്റ് കല്ലട
32. സിബു തോമസ്, കൂടൽ ബഥേൽ
33. റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
34. ലിസി യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ
35. ഷേർളി തോമസ്, കുറത്തികാട് സെന്റ് തോമസ്
36. ഗ്രേസി തോമസ്, ചുനക്കര സെന്റ് തോമസ്
37. ലത ജോർജ്ജ്, ചാച്ചിപ്പുന്ന ശാലേം
38. ഡോ. ലയ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്
39. തോമസ് പുത്തേത്ത്, കോഴിക്കോട് സെന്റ് തോമസ്
40. സരളാ തോമസ്, പത്തനാപുരം ഇമ്മാനുവേൽ
41. ഡീനാമ്മ തോമസ്, ചാച്ചിപ്പുന്ന ശാലേം
42. റ്റിൻസാ കെ. ജോൺ, കുറിച്ചിയിൽ പുത്തൻവീട്
43. ഷേർളി സാം ജോർജ്ജ്, കൊടുമൺ സെഹിയോൻ
44. മേരിക്കുട്ടി പാപ്പച്ചൻ, ചുനക്കര സെന്റ് തോമസ്
45. ശോശാമ്മ ജേക്കബ്, വെട്ടിയാർ സെന്റ് തോമസ്
46. സോഫി ജോൺ, കുളക്കട സെന്റ് തോമസ്
47. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
48. ജോജിൻ വിൽസൺ, കുളക്കട സെന്റ് തോമസ്
49. മോളിക്കുട്ടി മത്തായി, വയലാ ശാലേം
50 ബിന്ദു സാബു, കൊറ്റനല്ലൂർ ശാലേം
51. അന്നമ്മ തോമസ്, കോഴിക്കോട് സെന്റ് തോമസ്
52. കെ.എസ്. തോമസ്, ചുനക്കര സെന്റ് തോമസ്
53. തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
54. റോബിൻ റൈറ്റ്സ്, കോഴിക്കോട് സെന്റ് തോമസ്
55. നിഷ റ്റി. മാത്യു, കുളക്കട സെന്റ് തോമസ്
56. കെ.ജി. രാജൻ, തേവലക്കര ഇമ്മാനുവേൽ
57. ആലീസ് തോമസ്, തേവലക്കര ഇമ്മാനുവേൽ
58. കുഞ്ഞമ്മ ഫിലിപ്പോസ്, കണ്ണങ്കോട് എം.റ്റി.സി.
59. റ്റിങ്കിൽ കെ. യോഹന്നാൻ, കോഴിക്കോട് സെന്റ് തോമസ്
60. ആനി അലക്സാണ്ടർ, കറ്റാനം സെന്റ് തോമസ്
61. ജസ്റ്റി സതീഷ്, മാർത്തോമ്മാ വലിയപള്ളി, തേവലക്കര
62. അനീറ്റ മറിയം ഷിബു, പത്തനാപുരം ഇമ്മാനുവേൽ
63. ജോബിൻ പാപ്പച്ചൻ, തേവലക്കര ഹെർമ്മോൻ
64. ബിന്ദു ഷാജി, തേവലക്കര ഇമ്മാനുവേൽ
65. ഷാനി ജോയി, കലയപുരം ശാലേം
66. സുനി സജു, ചാരുംമൂട്
67. ജിനി ജോയി, കലയപുരം ശാലേം
68. റോസമ്മ ബേബി, ഏനാത്ത് എം.റ്റി.സി.
69. ലില്ലി തോമസ്, ചാച്ചിപ്പുന്ന ശാലേം
70. റ്റീനാ ജിമി, തേവലക്കര ഇമ്മാനുവേൽ
71. ആനി ജോൺ, കൂടൽ ബഥേൽ
72. സെറിൻ തോമസ്, മണ്ണടി
73. ഓമന തങ്കച്ചൻ, കലയപുരം ശാലേം
74. ഷീജാ ഡാനിയേൽ, താമരക്കുളം സെന്റ് തോമസ്
75. മഞ്ജു ബോസ്, പതാരം എം.റ്റി.സി.
76. റ്റി.എം. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
77. മോളി കെ. ജേക്കബ്, കറ്റാനം സെന്റ് തോമസ്
78. ഷോബിൻ വർഗ്ഗീസ് സാംസൺ, കറ്റാനം സെന്റ് തോമസ്
79. റാഹേലമ്മ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
80. ജിജി ബാബു, ചുനക്കര സെന്റ് തോമസ്
81. മേരിക്കുട്ടി ഏബ്രഹാം, വാത്തിക്കുളം ബഥേൽ
82. ബീനാ തോമസ്, കറ്റാനം സെന്റ് തോമസ്
83. രഞ്ജിനി തമ്പാൻ, വെട്ടിയാർ ശാലേം
84. അലീനാ കെ. ജോസഫ്, കലയപുരം ശാലേം
85. ജിൻസി ജോയി, കുളക്കട സെന്റ് തോമസ്
86. സാറാമ്മ ഏബ്രഹാം, തേവലക്കര വലിയപള്ളി
87. ജീജാ ജേക്കബ്, തേവലക്കര ഇമ്മാനുവേൽ
88. ബീനാ ജേക്കബ്, ചുനക്കര സെന്റ് തോമസ്
89. ജസ്സി ജോൺസൺ, തേവലക്കര ഇമ്മാനുവേൽ
90. ബിന്ദു സജി, വെസ്റ്റ് കല്ലട എം.റ്റി.സി.
91. കുഞ്ഞമ്മ സാം, കിഴക്കുപുറം ബഥേൽ
92. ഷിബു വർഗ്ഗീസ്, പത്തനാപുരം ഇമ്മാനുവേൽ
93. അലീന മേരി ഷിബു, പത്തനാപുരം ഇമ്മാനുവേൽ
94. ഷൈനി ഷിബു, പത്തനാപുരം ഇമ്മാനുവേൽ

**കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ**

1. കുടുംബം
2. സ്വഭാവം രൂപപ്പെടുന്നു
3. സമ്പത്തിന്
4. പറുദീസയാണ്
5. മാതാക്കളാണ്
6. പ്രാർത്ഥനാജീവിതവും കുടുംബമായി ആരാധനയിലുള്ള പങ്കാളിത്തവും
7. ഒരു വൈകാരിക വിശപ്പുണ്ട്

**ഈ ലക്കത്തിലെ ചോദ്യങ്ങൾ**

1. ബേഥെസ്ദാ എന്ന പദത്തിന്റെ അർത്ഥം?
2. എന്ത് നഷ്ടപ്പെടുമ്പോഴാണ് ആത്മീയ അരാജകത്വവും ദുരാചാരങ്ങളും വളരുന്നത്?
3. മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ തലതൊട്ടപ്പൻ ആരാണ്?
4. ഒരു മാസം 19 നേരം മാത്രം ഭക്ഷണം കഴിച്ചിരുന്ന ആൾ?
5. കൗമാരത്തിൽ ഉണ്ടാകുന്ന സംഘർഷങ്ങളെ എന്തായി സ്വീകരിക്കണം?
6. വിജയത്തിന്റെ ആരംഭം എന്ത്?
7. നോമ്പുനാളുകളിൽ എങ്ങനെയുള്ള ജീവിതം നയിക്കണം?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2018 ഫെബ്രുവരി 30**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക.

**എഡിറ്റർ**

# HOW TO MAKE THE REST OF YOUR LIFE THE BEST OF YOUR LIFE

There is an old saying that, “You are never too old to learn.” “So teach us to number our days that we may gain a heart of wisdom.” (Psa. 90:12)

Whether you are young or old, six or sixty, healthy and wealthy, or puny and poor, you can make the rest of your life the best of your life.

“But seek first the kingdom of God and His righteousness, and all these things shall be added to you.” (Mt. 6:33)

SET PROPER PRIORITIES: “But seek first the kingdom of God”

SEEK PERSONAL PURITY: “Seek His Righteousness”

SEE PROMISED PROSPERITY: “all these things shall be added to you.”

*Collected by:* **AKSA MARY THOMAS**

കവിത

# ജന്മനക്ഷത്രങ്ങൾ

**മണക്കാല ബിജു ജോർജ്ജ്**

ജന്മങ്ങളെത്രയോ പോയ്മറഞ്ഞു
ജഢികജീവിതം പേറും പ്രയാണപന്ഥാവിൽ
ജന്മവും കർമ്മവും ഇഴചേർന്നുവാഴും
അഹർന്നിശമനേകം കടന്നൂധരണിയിൽ
അല്ലതു ജീവിതസത്യമല്ലോതിനീ
സർവ്വചരാചരത്തിനും ആധാരമായവൻ
ഞാൻ തന്നെയാണുന്മയും ജീവനും
നേർവഴി എന്നിലൂടെന്നുമെന്നും
സത്യം ഗ്രഹിച്ചിവിടെ ആത്മാക്കളൊത്തിരി
നിൻ സ്തുതിയിലാത്മാവിൽ പാടി പുകഴ്ത്തിയും
സ്വർഗ്ഗീയ സന്തോഷസൗഭാഗ്യശ്രേണിയിൽ
പൂത്തുലഞ്ഞാടും വസന്തസുഗന്ധമായ്
സന്താപനടുവിലും സന്തോഷമായ് മനം
ഇല്ലായ്മപേറുന്ന വല്ലായ്മ തന്നിലും
നഷ്ടബോധങ്ങളും, ശിഷ്ടസൗഭാഗ്യവും
അശ്രുബിന്ദുക്കളും, ആത്മഹർഷങ്ങളും
എല്ലാം പകുത്തുനിൻ സന്നിധി തന്നിലും
ആത്മവിശുദ്ധരായി ഈ വഴി പോകണം
ആത്മബലത്തിനായി ഈ മന്ന ഭുജിക്കണം
ആത്മസൗഖ്യത്തിനായി ഈ സത്യം ഗ്രഹിക്കണം
ആത്മസായൂജ്യമണയുവാൻ ചാരത്ത് നിൽക്കണം
ആത്മനിറവും അനുഗ്രഹവർഷവും
അവിടുന്ന് നീ കനിഞ്ഞേകിടേണം

"ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ: യഹോവയെ സ്തുതിപ്പിൻ"(സങ്കീ.150.6)

പടിഞ്ഞാറേ കല്ലട മാർത്തോമ്മാ ഇടവക

# കല്ലട കൺവൻഷൻ 2018

**2018 ജനുവരി 16 ചൊവ്വ മുതൽ 21 ഞായർ വരെ**
**കൺവൻഷൻ നഗർ, പഴയബസ്റ്റാന്റ് – കല്ലട**

kalladaconvention.com
www.kalladaconvention.com
kalladaconvention
kalladaconvention@gmail.com







## നേതൃത്വം നൽകുന്നവർ

- അഭിവന്ദ്യ: സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലിത്ത
- അഭിവന്ദ്യ: ഡോ.യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പ
- അഭിവന്ദ്യ: ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ
- ഫാ. ഡേവിസ് ചിറമേൽ
- റവ. ഫാ. ജോൺ ചൊള്ളാനിക്കൽ
- റവ. ഫാ. ഫിലിപ്പ് തരകൻ
- റവ. തോമസ് കെ. തോമസ്
- റവ. അജിത്ത് കെ. തോമസ്
- ശ്രീ. അലക്സാണ്ടർ ജേക്കബ്ബ് (റിട്ട.ഡി.ജി.പി)
- ഇവാ.ജോളി മാരാമൺ











**ഗാനശുശ്രൂഷ:**
**മാർത്തോമ്മാ ഗായകസംഘം**
**വെസ്റ്റ്കല്ലട**

# ഏവർക്കും സ്വാഗതം

# ST. THOMAS ENGLISH MEDIUM SCHOOL

**A Senior Secondary School Affiliated to CBSE-No. 930660**

&

Estd: 1995

# ST. THOMAS K.G & PLAY SCHOOL

Run by the Charitable Trust of St.Thomas Marthoma Church, KATTANAM

PALLICKAL P.O., ALAPPUZHA - 690503, Ph : 0479 - 2330844, 2332014

Email: stemskattanam@yahoo.co.in Web: www.stemskattanam.org




*Patron :* **Rt.Rev.Dr. Abraham Mar Paulos Episcopa**, *Manager :* **Rev. Dr. George Mathew** *Principal :* **Prof. Dr. Babu K.** MSc., MA, MA, MEd.

## Salient Features

- **Excellent Results** – 100% first class in CBSE Board X & XII examination (21 full A1 in 2017)
- Exemplary performance and prizes in Sahodhaya Youth Festival (317 Pts) Drawing, Art and Sports Competitions at Regional and State level
- Equal Importance in curricular and co-curricular activities
- Individual attention – Remedial classes, Mentoring, Yoga & Meditation and Counseling
- Value Based Technology Aided Teaching –Learning Process

**WANTED**

We require qualified, experienced and committed teachers for all subjects in all levels ( KG to Class XII ) and special teachers in Physical Education, Dance,Music and Arts in the anticipated vacancies for 2018-2019. Those who have good command in English need to apply.

***Application with C V should reach on or before 15.01.2018 to***

**The Manager, St.Thomas English Medium School**
Kattanam,Pallickal. P.O, Alappuzha – 690503.
Email: stemskattanam@yahoo.co.in, Phone : 0479-2330844

# ADMISSIONS FOR 2018-19 OPEN


Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas